2023
MARCH
17
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

GODUGO




## ചൈനയെ പിന്നിലാക്കി ഇന്ത്യൻ സ്റ്റാർട്ടപ് രംഗം

**മുംബൈ:** സ്റ്റാർട്ടപ് മേഖലയിൽ ചൈനയെ കടത്തിവെട്ടി ഇന്ത്യ. 2022ൽ 23 യൂണികോൺ സ്റ്റാർട്ടപ്പുകളാണ് ഇന്ത്യയിൽ ഉണ്ടായത്. ചൈനയിൽ ഇക്കാലയളവിൽ 11 എണ്ണം മാത്രം. ഇതോടെ 100 കോടി ഡോളർ മൂല്യമുള്ള യൂണികോൺ സ്റ്റാർട്ടപ്പുകളുടെ എണ്ണം 96 ആയി. പുതിയ 23ൽ 11 എണ്ണവും 3 മെട്രോ നഗരങ്ങൾക്കു പുറത്തുള്ള സ്ഥലത്തു നിന്നാണെന്ന പ്രത്യേകതയുണ്ട്.

സ്റ്റാർട്ടപ്പുകളിലേക്കുള്ള ഫണ്ടിങ്ങിന്റെ 18 ശതമാനം മെട്രോയിതര സ്ഥലങ്ങളിലേക്കു മാറിയെന്നും ഐവിസിഎ ബെയിൻ റിപ്പോർട്ടിലെ കണക്കുകൾ സൂചിപ്പിക്കുന്നു. ഫിൻടെക്, സോഫ്റ്റ്‌വെയർ സേവന സ്റ്റാർട്ടപ്പുകൾ കൂടുതൽ ഫണ്ടിങ് നേടിയപ്പോൾ, കൺസ്യൂമർ ടെക് മേഖലയ്ക്ക് ശോഭിക്കാനായില്ല. മുൻവർഷത്തെ അപേക്ഷിച്ച് പകുതി യൂണികോണുകൾ മാത്രമാണ് ഇന്ത്യയിൽ ഉണ്ടായത്. 2021ൽ 44 യൂണികോൺ കമ്പനികൾ ഉണ്ടായി.

## വിപണിയിൽ ഇടിവ് തുടരുന്നു; നിഫ്റ്റി 17000 പോയിന്റിന് താഴെ

**മുംബൈ:** ബാങ്കിങ്, ഫിനാൻഷ്യൽ, ടെലികോം ഓഹരികളിൽ വിൽപന സമ്മർദം ശക്തമായതോടെ ഇന്നലെ എൻഎസ്ഇ നിഫ്റ്റി ഇടിഞ്ഞ് 17000 പോയിന്റിന് താഴെയെത്തി. യുഎസിലെ ബാങ്കുകളുടെ തകർച്ചയും, വിദേശ ധനസ്ഥാപനങ്ങൾ ഓഹരി വിറ്റഴിക്കുന്നതും മൂലം ദിവസങ്ങളായി ഓഹരിവിപണി തകർച്ച നേരിടുകയാണ്. തുടർച്ചയായ അഞ്ചാം വ്യാപാരദിനത്തിലും സെൻസെക്സിൽ ഇടിവു രേഖപ്പെടുത്തി. 344.29 പോയിന്റ് കുറഞ്ഞ് 57,555.90ൽ ക്ലോസ് ചെയ്തു. വ്യാപാരത്തിന്റെ തുടക്കത്തിൽ സെൻസെക്സ് 570 പോയിന്റ് വരെ ഉയർന്ന് 58,473ൽ എത്തുകയുണ്ടായി. ഉച്ചയ്ക്ക് യൂറോപ്യൻ ഓഹരി വിപണി തകർച്ചയോടെ വ്യാപാരം തുടങ്ങിയത് ഇവിടെയും പ്രതിഫലിച്ചു.

സൂചികകൾ തിരിച്ചിറങ്ങി. യൂറോപ്യൻ സെൻട്രൽ ബാങ്ക് 25 ബേസിസ് പോയിന്റ് വരെ പലിശ വർധന പ്രഖ്യാപിച്ചേക്കുമെന്ന ആശങ്കയാണ് തിരിച്ചടിയായത്. നിഫ്റ്റി 71.15 പോയിന്റ് ഇടിഞ്ഞ് 16,972.15ലും വ്യാപാരം അവസാനിപ്പിച്ചു. സെൻസെക്സിൽ ഏറ്റവും നഷ്ടം രേഖപ്പെടുത്തിയത് ഇൻഡസ്ഇൻഡ് ബാങ്കാണ്. ഓഹരി 2 ശതമാനത്തോളം ഇടിഞ്ഞു. ഭാരതി എയർടെൽ, റിലയൻസ് ഇൻഡസ്ട്രീസ്, എച്ച്ഡിഎഫ്സി ഓഹരികൾ എന്നിവയും ഇടിവ് നേരിട്ടു.

എന്നാൽ അദാനി ഗ്രൂപ്പിന്റെ ലിസ്റ്റ് ചെയ്തിട്ടുള്ള എട്ട് കമ്പനികളുടെ ഓഹരികളും നേട്ടമുണ്ടാക്കി. നാലു ദിവസമായി ക്ഷീണത്തിലായിരുന്ന അദാനി എന്റർപ്രൈസസ് ഓഹരി വില 5 ശതമാനത്തിലേറെ ഉയർന്നു.

വിദേശ ധനസ്ഥാപനങ്ങൾ ചൊവ്വാഴ്ച മാത്രം ഇന്ത്യൻ വിപണിയിൽനിന്നു വിറ്റുമാറിയത് 3,086.96 കോടി രൂപയുടെ ഓഹരികളാണ്. അതേസമയം, ഡോളറുമായുള്ള വിനിമയത്തിൽ രൂപ 25 പൈസ ഇടിഞ്ഞ് 82.62 നിലവാരത്തിലെത്തി.




## കയറ്റുമതി 8.8% ഇടിഞ്ഞു

**ന്യൂഡൽഹി:** രാജ്യത്തെ കയറ്റുമതി ഫെബ്രുവരിയിൽ 8.8 ശതമാനം ഇടിഞ്ഞ് 3388 കോടി ഡോളറായി. തുടർച്ചയായ മൂന്നാം മാസമാണ് കയറ്റുമതിയിൽ ഇടിവു രേഖപ്പെടുത്തുന്നത്. ഇറക്കുമതി 8.21 ശതമാനം ഇടിഞ്ഞ് 5131 കോടി ഡോളറുമായി. മുൻവർഷം ഇതേകാലയളവിൽ 5590 കോടി ഡോളറിന്റെ ഇറക്കുമതിയാണ് നടന്നത്.

ഇറക്കുമതിയും കയറ്റുമതിയും തമ്മിലുള്ള വ്യത്യാസമായ വ്യാപാരക്കമ്മി 1743 കോടിയിലേക്കു ചുരുങ്ങി. ഈ സാമ്പത്തിക വർഷം ഏപ്രിൽ ഫെബ്രുവരി കാലയളവിൽ രാജ്യത്തിന്റെ കയറ്റുമതി 7.5 ശതമാനം വർധിച്ച് 40594 കോടി ഡോളറിലെത്തി. ഇറക്കുമതി 18.82 ശതമാനം കൂടി 65347 കോടി ഡോളറിലെത്തുകയും ചെയ്തു. വ്യാപാരക്കമ്മി 24753 കോടി ഡോളർ.

## പെട്രോൾ പമ്പുകളിൽ വിഷവാതകം നിർവീര്യമാക്കുന്ന ഉപകരണം നിർബന്ധം




**ന്യൂഡൽഹി:** പെട്രോൾ പമ്പുകളിൽ പരക്കുന്ന വിഷമയമുള്ള വാതകങ്ങളെ നിർവീര്യമാക്കാൻ സഹായിക്കുന്ന ഉപകരണം (വേപ്പർ റിക്കവറി സിസ്റ്റംവിആർഎസ്) സ്ഥാപിക്കണമെന്ന ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് കർശനമായി പാലിക്കുന്നതിനു സുപ്രീം കോടതി മാർഗരേഖയിറക്കി. ഇതുപ്രകാരം, 10 ലക്ഷമോ അതിൽ കൂടുതലോ ജനസംഖ്യയുള്ള നഗരങ്ങളിലെ പമ്പുകൾ ഉടൻ വിആർഎസ് സജ്ജമാക്കണം. 2021 ജൂൺ 4ലെ സർക്കുലറിൽ മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ സമയക്രമം പാലിക്കണമെന്നും ജഡ്ജിമാരായ സുധാൻഷു ധൂലിയ, ജെ.ബി. പർദിവാല എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി.

ചെന്നൈയിലെ അഭിഭാഷകൻ വി.ബി.ആർ. മേനോൻ നൽകിയ ഹർജിയിലായിരുന്നു ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ്. ഇതിനെതിരെ ഇന്ത്യൻ ഓയിൽ കോർപറേഷൻ നൽകിയ ഹർജി പരിഗണിക്കുകയായിരുന്നു കോടതി. അതേസമയം പുതിയ ഔട്‌ലെറ്റുകൾ തുറക്കാനും പ്രവർത്തിപ്പിക്കാനും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സിടിഒ (കൺസന്റ് ടു ഓപ്പറേറ്റ്) നിർബന്ധമാക്കിയ ട്രൈബ്യൂണൽ ഉത്തരവു സുപ്രീം കോടതി റദ്ദാക്കി. നിലവിൽ പ്രവർത്തിക്കുന്ന പമ്പുകൾക്ക് സിടിഒയ്ക്കായി 6 മാസ സമയപരിധി നൽകിയതും സുപ്രീം കോടതി റദ്ദാക്കി.




## കെ ഫോൺ: സമിതിയുടെ നിർദേശങ്ങൾക്ക് അംഗീകാരം

**തിരുവനന്തപുരം:** കെ ഫോൺ പദ്ധതിയിൽ നിന്നു വരുമാനം ഉണ്ടാക്കുന്നതിനുള്ള മാർഗങ്ങൾ പരിശോധിക്കാൻ നിയോഗിച്ച ഐടി സെക്രട്ടറി കൺവീനറായ ആറംഗ സമിതിയുടെ നിർദേശങ്ങൾ മന്ത്രിസഭ അംഗീകരിച്ചു. മാനേജ്മെന്റ് ചുമതല കെ ഫോൺ ലിമിറ്റഡിൽ നിക്ഷിപ്തമാക്കി മറ്റു പ്രവർത്തനങ്ങൾ പുറത്തുള്ളവരെ ഏൽപിച്ചു കൊണ്ടുള്ള പ്രൊപ്രൈറ്റർ മോഡൽ കെ ഫോൺ പദ്ധതിക്കായി സ്വീകരിക്കും.

സർക്കാർ ഓഫിസുകൾക്ക് ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിന് ഒപ്റ്റിക്കൽ നെറ്റ്‌വർക് ടെർമിനൽ വരെയുള്ള പ്രവർത്തനവും പരിപാലനവും സിസ്റ്റം ഇന്റഗ്രേറ്ററായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് മുഖേന കെ ഫോൺ ഉറപ്പുവരുത്തണം. സർക്കാർ ഓഫിസുകൾക്കു വെവ്വേറെ ബില്ലിനു പകരം കെ ഫോണിനു സർക്കാർ മൊത്തമായോ ത്രൈമാസ തവണകളായോ തുക നൽകും. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്കു സൗജന്യമായി ഇന്റർനെറ്റ് ലഭ്യമാക്കുന്ന പദ്ധതിയുടെ ടെൻഡർ കാലാവധി 5 വർഷത്തേക്കു ദീർഘിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കും.



## ചൈൽഡ് കെയർ സെന്റർ ഉദ്ഘാടനം 19 ന്

**കൊച്ചി:** ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ്(ഐ.എ.പി) കൊച്ചിൻ ശാഖ റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ ന്റെ സഹകരണത്തോടെ പനമ്പിള്ളി നഗറിൽ പ്രവർത്തനം തുടങ്ങുന്ന ചൈൽഡ് കെയർ സെന്ററിന്റെ ഉദ്ഘാടനം ഈ മാസം 19 ന് പനമ്പിള്ളി നഗറിലെ റോട്ടറി ബാലഭവനിൽ രാവിലെ 10 ന് നടക്കുന്ന ചടങ്ങിൽ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ നിർവ്വഹിക്കും.

കുട്ടികളിലെ പഠനവൈകല്യം,ശ്രവണ,സംസാര വൈകല്യ നിർണയം,നിവാരണം,നവജാത ശിശുക്കളിലെ ശ്രവണ വൈകല്യം കണ്ടുപിടിക്കുന്നതിനുള്ള കേന്ദ്രീകൃത ശ്രവണ വൈകല്യ നിർണയ പദ്ധതി തുടങ്ങിയ മേഖലകളിലാണ് ചൈൽഡ് കെയർ സെന്ററിന്റെ പ്രധാന പ്രവർത്തനമെന്ന് ഐ.എ.പി കൊച്ചിൻ പ്രസിഡന്റ് ഡോ. എം.എസ് നൗഷാദ്,റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ പ്രസിഡന്റ് അബ്രാഹം തര്യൻ.ചൈൽഡ് കെയർ സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.എബ്രാഹം കെ.പോൾ എന്നിവർ അറിയിച്ചു.

## തഴക്കര പുഞ്ചയിൽ വരിനെല്ല് വ്യാപകം; കൃഷി ഉപേക്ഷിച്ച് കർഷകർ

**മാവേലിക്കര:** തഴക്കര പുഞ്ചയിൽ വരിനെല്ല് ശല്യം രൂക്ഷമായതോടെ കർഷകർ ദുരിതത്തിൽ. തഴക്കര പഞ്ചായത്തിലെ 3, 17 മുതൽ 21 വരെ വാർഡുകളിലായി വ്യാപിച്ചു കിടക്കുന്ന തഴക്കര പുഞ്ചയിൽ വിതച്ചതിനു ശേഷം ആദ്യ വളം ചെയ്തപ്പോഴാണു വരിനെല്ലിന്റെ ശല്യം ശ്രദ്ധയിൽപെട്ടത്. വരിനെല്ല് ഒഴിവാക്കുന്നതിനു തുടക്കത്തിൽ ശ്രമം നടത്തിയെങ്കിലും വിജയിച്ചില്ല. കൃഷി പൂർണമായി ഉപേക്ഷിക്കും വിധം വരിനെല്ല് വളർന്നു. കർഷകരുടെ പരാതിയെ തുടർന്നു കാർഷിക സർവകലാശാല, കാർഷിക ഗവേഷണ കേന്ദ്രം, കൃഷി വകുപ്പ് അധികൃതർ പുഞ്ചയിൽ സന്ദർശനം നടത്തി വരിനെല്ല് 90% വ്യാപിച്ചതായി റിപ്പോർട്ട് നൽകി.

21 ലക്ഷം രൂപയോളം ഇതുവരെ ഇത്തവണത്തെ കൃഷിക്കായി ചെലവഴിച്ചു. വരും വർഷങ്ങളിലെങ്കിലും കൃഷി കൃത്യമായി നടക്കണമെങ്കിൽ പാടം പൂർണമായി ട്രാക്ടർ ഉപയോഗിച്ചു ഉഴുതുമറിച്ചു വരിനെല്ല് നശിപ്പിക്കണം. ഇതിനായി 6 ലക്ഷം രൂപയിലധികം ചെലവാകുമെന്നാണു പ്രാഥമിക നിഗമനം. ഇത്രയും വലിയ തുക കണ്ടെത്താൻ തഴക്കര പുഞ്ച നെല്ല് ഉൽപാദക സമിതിക്കു സാധിക്കുന്നില്ല. പുഞ്ച പാട്ടത്തിന് എടുത്തിരിക്കുന്ന കർഷകരും ഇത്രയും വലിയ തുക ചെലവഴിക്കാൻ തയാറല്ല.

## അഗ്രത 2023: നോമിനേഷനുകൾ ക്ഷണിച്ചു

**തിരുവനന്തപുരം:** തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ, തിരുവനന്തപുരം ജില്ലാ പ്രോജക്ട് മോണിറ്ററിങ് യൂണിറ്റിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് നടത്തുന്ന അഗ്രത 2023ലേക്ക് നോമിനേഷനുകൾ ക്ഷണിച്ചു.

തിരുവനന്തപുരം ജില്ലയിലുള്ള വിവിധ മേഖലകളിൽ (വിദ്യാഭ്യാസം, ആരോഗ്യം, കാർഷിക/പാരിസ്ഥിക മേഖല, സാമൂഹിക/സന്നദ്ധ സേവനം, മാധ്യമമേഖല, സംരഭകത്വം, ശാസ്ത്ര സാങ്കേതിക മേഖല, കലാ സാംസ്കാരികം, കായികം, രാഷ്ട്രീയം) വ്യക്തിമുദ്ര പതിപ്പിച്ച വനിതകളിൽ നിന്നാണ് നോമിനേഷൻ സ്വീകരിക്കുന്നത്.

നോമിനേഷന് അർഹരായിട്ടുള്ള വനിതകൾ നേരിട്ടോ, പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയോ ഗൂഗിൾ ഫോം വഴിയോ അപേക്ഷകൾ നൽകണം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 18. കൂടുതൽ വിവരങ്ങൾക്ക് : 04712731212.

# ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ: 300 കോടിയുടെ വികസനം നടപ്പാക്കുമെന്ന് പി.കെ.കൃഷ്ണദാസ്



**ചെങ്ങന്നൂർ:** ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനെ രാജ്യാന്തര നിലവാരത്തിലേക്കുയർത്താൻ 300 കോടി രൂപയുടെ സമഗ്രവികസനം നടപ്പാക്കുമെന്ന് റെയിൽവേ പാസഞ്ചർ അമിനിറ്റീസ് കമ്മിറ്റി ചെയർമാൻ പി.കെ.കൃഷ്ണദാസ് പറഞ്ഞു.രണ്ട് വർഷത്തിനുള്ളിൽ സമഗ്രമായ വികസനം നടത്തും. ഇതിനായി കൺസൽറ്റൻസിയെ നിയമിച്ചു. ഡിപിആർ തയാറാക്കിയതിനു ശേഷം റെയിൽവേ ബോർഡ് അംഗീകരിക്കും.

ശീതീകരിച്ച കാത്തിരിപ്പ് കേന്ദ്രം, സൂപ്പർ മാർക്കറ്റ്, ഹോട്ടൽ, റസ്റ്ററന്റുകൾ, ആധുനിക സൗകര്യങ്ങളോടു കൂടിയ ശുചിമുറികൾ, മേൽക്കൂരയോടു കൂടിയ പാർക്കിങ് സൗകര്യങ്ങൾ എന്നിവ ഉണ്ടാക്കും. കൂടുതൽ ടിക്കറ്റ്, റിസർവേഷൻ കൗണ്ടറുകൾ, കാത്തിരിപ്പ് കേന്ദ്രം എന്നിവയും പദ്ധതിയുടെ ഭാഗമായി നിർമിക്കുമെന്നും 2025ൽ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുമെന്നും പി. കെ.കൃഷ്ണദാസ് പറഞ്ഞു.ശബരിമല തീർഥാടകർ ഉൾപ്പെടെയുള്ളവർ ആശ്രയിക്കുന്ന സ്റ്റേഷനാണ് ചെങ്ങന്നൂർ എന്നതുകൊണ്ടാണ് പ്രധാനമന്ത്രി നരേന്ദ്രമോദിയും റെയിൽവേ ബോർഡും ഇത് തിരഞ്ഞെടുത്തതെന്നും അദ്ദേഹം പറഞ്ഞു.

77 കിലോമീറ്റർ ദൈർഘ്യമുള്ള ചെങ്ങന്നൂർ പമ്പ പുതിയ റെയിൽവേ പാതയുടെ സർവേ ആരംഭിച്ചെന്നും സർവേ റിപ്പോർട്ട് ബോർഡിന് സമർപ്പിച്ചതിനു ശേഷം നടപടികൾ ആരംഭിക്കുമെന്നും ചെങ്ങന്നൂർ വികസനത്തിന് നാഴികക്കല്ലായി ചെങ്ങന്നൂർ പമ്പ പുതിയ പാത മാറുമെന്നും പി. കെ.കൃഷ്ണദാസ് പറഞ്ഞു.

റെയിൽവേ പാസഞ്ചർ അമിനിറ്റീസ് കമ്മിറ്റി ചെയർമാനെയും കമ്മിറ്റി അംഗങ്ങളെയും ബിജെപി മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്വീകരിച്ചു. ജില്ലാ പ്രസിഡന്റ് എം.വി.ഗോപകുമാർ, ദക്ഷിണ മേഖല സെക്രട്ടറി ബി.കൃഷ്ണകുമാർ, ജില്ലാ ട്രഷറർ കെ.ജി.കർത്താ, ജില്ലാ സെക്രട്ടറിമാരായ സജു ഇടക്കല്ലിൽ, ഡോ. ഗീത അനിൽ, മണ്ഡലം പ്രസിഡന്റ് പ്രമോദ് കാരയ്ക്കാട്, മണ്ഡലം ജനറൽ സെക്രട്ടറി അനീഷ് മുളക്കുഴ, രമേശ് പേരിശേരി, ശ്രീജ പത്മകുമാർ, എസ്.വി.പ്രസാദ്, മനുകൃഷ്ണൻ, പി.എ.നാരായണൻ, സുഷമ ശ്രീകുമാർ, രോഹിത്ത് പി.കുമാർ, കെ.കെ.വിനോദ്, ആതിര ഗോപൻ, ശ്രീദേവി ബാലകൃഷ്ണൻ, സിനി ബിജു, ഇന്ദു രാജൻ, ജോയിക്കുട്ടി, മുരുകൻ തുടങ്ങിയവർ പങ്കെടുത്തു.

# വേമ്പനാട്ടുകായൽ ശുചീകരണം തുടങ്ങി

**വൈക്കം:** വെച്ചൂർ പഞ്ചായത്ത് പരിധിയിൽ വേമ്പനാട്ടു കായലിലും പുത്തൻ കായലിലും ഗതാഗതവും നീരൊഴുക്കും തടസ്സപ്പെടുത്തുന്ന കടകൽപുല്ലും കുറ്റികളും നീക്കം ചെയ്യുന്ന ജോലി ആരംഭിച്ചു. 7.5കിലോമീറ്റർ ദൂരത്തെ കടകൽപുല്ലും കുറ്റികളും 17,50,000 രൂപമുടക്കി വെച്ചൂർ പഞ്ചായത്താണ് നീക്കം ചെയ്യുന്നത്. വേമ്പനാട്ടുകായലിലും പുത്തൻ കായലിലും പോള പായലും കടകൽപുല്ലും വളർന്ന് തിങ്ങിവളർന്നതോടെ ഏതാനും മാസങ്ങളായി ജലഗതാഗതം തടസ്സപ്പെട്ടു.

മത്സ്യ, കക്ക തൊഴിലാളികൾക്ക് വള്ളം ഇറക്കാനാവാതെ വന്നതോടെ ഉപജീവനം വഴി മുട്ടി. 750 ഏക്കർ വിസ്തൃതിയുള്ള പുത്തൻ കായൽ തുരുത്തിൽ വിവിധ പണികൾക്കായി പോകുന്ന കർഷക തൊഴിലാളികളുടെയും ജോലി മുടങ്ങി. പോളയും പായലും പുല്ലും തിങ്ങി വളർന്നതോടെ വിനോദ സഞ്ചാര മേഖലയ്ക്കും തിരിച്ചടിയായി. ഒഴുക്കു നിലച്ച കായലിൽ പായൽ കെട്ടിക്കിടന്ന് ദുർഗന്ധം വമിച്ചതോടെ കായലോര വാസികളുടെയും ജീവിതം ദുരിതപൂർണമായി.

ജലം മലിനമായതോടെ കായലിൽ കുളിക്കാനിറങ്ങുന്നവരുടെ ദേഹം ചൊറിഞ്ഞു തടിച്ചു. ജനങ്ങളുടെ നിരന്തരമായ ആവശ്യത്തെ തുടർന്ന് സാങ്കേതിക തടസ്സങ്ങൾ നീക്കിയാണ് ജലാശയത്തിലെ തടസ്സങ്ങൾ നീക്കി ജനജീവിതം ആരോഗ്യകരമാക്കാൻ പദ്ധതി ആരംഭിച്ചതെന്ന് പഞ്ചായത്ത് പ്രസിഡന്റ് കെ.ആർ.ഷൈല കുമാർ പറഞ്ഞു.

തണ്ണീർമുക്കം ബണ്ടിന് തെക്കുഭാഗത്ത് പുത്തൻ കായലിൽ ശുചീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് കെ.ആർ ഷൈലകുമാർ നിർവഹിച്ചു.

പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിൻസി ജോസഫ് അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ സോജി ജോർജ്, പി.കെ.മണിലാൽ, പഞ്ചായത്ത് അംഗങ്ങളായ ബിന്ദു രാജു, സ്വപ്ന മനോജ്, ആൻസി തങ്കച്ചൻ, മുൻ ബ്ലോക്ക് പഞ്ചായത്ത് അംഗം കെ.എസ്.ഷിബു, പി.ജി.ഷാജി, അനിൽകുമാർ തുടങ്ങിയവർ പ്രസംഗിച്ചു.



# ഐഐഐടി കോട്ടയവും റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും സഹകരണത്തിന്

**കോട്ടയം:** ഐഐഐടി കോട്ടയവും റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും (ആർആർഐഐ) അക്കാദമിക പങ്കാളിത്തത്തിന്റെയും ഗവേഷണത്തിന്റെയും വിവിധ മേഖലകളിൽ സഹകരിക്കുന്നതിന് ധാരണാപത്രം (എംഒയു) ഒപ്പുവച്ചു. ഈ ധാരണാപത്രത്തിന്റെ ഭാഗമായി, ഐഐഐടി കോട്ടയവും ആർആർഐഐയും സംയുക്തമായി റബ്ബർ ലാറ്റക്സിന്റെ ഡിആർസി (ഡ്രൈ റബ്ബർ കണ്ടൻറ്), ബഡ്ഡിംഗ് സാധ്യത തുടങ്ങിയവ കണ്ടെത്തുന്നതിന് ചെലവ് കുറഞ്ഞതും സമയബന്ധിതവുമായ സാങ്കേതിക പരിഹാരം രൂപപ്പെടുത്താൻ സമ്മതിച്ചിട്ടുണ്ട്.



ഈ ധാരണാപത്രത്തിന്റെ ഭാഗമായി, ഇമേജ് പ്രോസസ്സിംഗും ഡീപ് ലേണിംഗും അടിസ്ഥാനമാക്കി റബ്ബർ പ്ലാന്റുകളുടെ വിവിധ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനായി ഒരു മൊബൈൽ അധിഷ്ഠിത ആപ്ലിക്കേഷൻ വികസിപ്പിക്കും. കൂടാതെ, റബ്ബർ തോട്ടം നിരീക്ഷിക്കുന്നതിനുള്ള ഐഒടി അധിഷ്ഠിത പരിഹാരങ്ങൾ ഐഐഐടി കോട്ടയത്തെ ഗവേഷണ വിഭാഗം പര്യവേക്ഷണം ചെയ്യും. കോട്ടയത്തെ ഐഐഐടിയിൽ നടന്ന ചടങ്ങിൽ ഐഐഐടി കോട്ടയം രജിസ്ട്രാർ ഡോ. എം. രാധാകൃഷ്ണനും ആർആർഐഐ റിസർച്ച് ഡയറക്ടർ ഡോ. എം.ഡി ജെസ്സിയും ഈ ധാരണാപത്രത്തിൽ ഒപ്പുവച്ചു.

വിവരസാങ്കേതികവിദ്യയും റബറും സാങ്കേതിക വിദ്യയുടെ വിപരീത അറ്റങ്ങളിലാണെങ്കിലും, റബ്ബർ തോട്ടങ്ങളിലെ പുതിയ പ്രശ്നങ്ങളുമായി ശരിയായ രീതിയിൽ സംയോജിപ്പിച്ചാൽ കർഷക സമൂഹത്തിന് ഉപയോഗപ്രദമായി മാറാൻ കഴിയുമെന്ന് ഐഐഐടി കോട്ടയം ഡയറക്ടർ ഡോ. രാജീവ് ധരസ്കർ ചടങ്ങിൽ പറഞ്ഞു. ഡ്രോണുകൾ, റോബോട്ടിക്സ്, ഇമേജ് പ്രോസസ്സിംഗ് എന്നിവ റബ്ബർ കൃഷിയുമായി സംയോജിപ്പിച്ചാൽ കുറഞ്ഞ ചിലവിൽ മികച്ച ആദായം ലഭിക്കുമെന്ന് ഐഐഐടി കോട്ടയം രജിസ്ട്രാർ ഡോ. രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു.

ആർആർഐയിലെ റിസർച്ച് ഡയറക്ടർ ഡോ. ജെസ്സി പറയുന്നതനുസരിച്ച്, റബ്ബർ മേഖലയിലെ ആവശ്യങ്ങൾ പിന്തുണയ്ക്കാൻ സാങ്കേതികമായി കഴിവുള്ള ഒരു പങ്കാളിയെയാണ് തങ്ങൾ തേടുന്നത്. ഡോ. തോംസൺ എബ്രഹാം (സയന്റിസ്റ്റ് ബി, ആർആർഐഐ), ഡോ. ഷാജി ഫിലിപ്പ് (സയന്റിസ്റ്റ് ഡി, ആർആർഐഐ), മറ്റ് ഐഐഐടി കോട്ടയം ഫാക്കൽറ്റി അംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു.

## 300 കോടി രൂപ മുതൽമുടക്ക്; തൃശൂർ റെയിൽവേ സ്റ്റേഷൻ വിമാനത്താവള മാതൃകയിൽ

**തൃശൂർ:** 300 കോടി രൂപ മുതൽമുടക്കിൽ റെയിൽവേ സ്റ്റേഷൻ, വിമാനത്താവള മാതൃകയിൽ പുനർനിർമിക്കും. പദ്ധതിരേഖ ലഭിക്കുന്ന മുറയ്ക്ക് നിർമാണക്കരാർ നൽകുമെന്ന് ഇന്ത്യൻ റെയിൽവേയുടെ പാസഞ്ചേഴ്സ് അമിനിറ്റി കമ്മിറ്റി ചെയർമാൻ പി.കെ.കൃഷ്ണദാസ് അറിയിച്ചു. ചെയർമാന്റെ നേതൃത്വത്തിലുള്ള 9 അംഗ സംഘം റെയിൽവേ സ്റ്റേഷനിൽ പരിശോധനയ്ക്ക് എത്തിയതായിരുന്നു. 2025ൽ നിമാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

തൃശൂരിന്റെ റെയിൽവേ വികസനാവശ്യങ്ങൾ ഉൾപ്പെടുത്തിയ നിവേദനം ദക്ഷിണ റെയിൽവേ ഉപദേശകസമിതി അംഗം എം.ഗിരീശൻ, റെയിൽവേ പാസഞ്ചേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി പി.കൃഷ്ണകുമാർ എന്നിവർ ചെയർമാന് കൈമാറി. ജെറിൻ ആനന്ദ്, പി. ശശീന്ദ്രൻ, ചീഫ് കമേഴ്സ്യൽ ഇൻസ്പെക്ടർ പ്രസൂൺ എസ്.കുമാർ, സീനിയർ സെക്ഷൻ എൻജിനീയർ പി.രവികുമാർ ഒപ്പമുണ്ടായിരുന്നു.

## അപേക്ഷ ക്ഷണിച്ചു

കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക്ക് കോളജിൽ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പത്താംക്ലാസ് പാസായവർക്ക് ഇലക്ട്രിക്കൽ ടെക്നീഷ്യൻ, ഓഫീസ് അസിസ്റ്റന്റ്, അസിസ്റ്റന്റ് ടെക്നീഷ്യൻ സി സി റ്റി വി, അസോസിയേറ്റ് ഡേറ്റാ എൻട്രി ഓപ്പറേറ്റർ കോഴ്സുകളിലേക്കും ഐ റ്റി ഐ/ ഡിപ്ലോമ/പത്താംക്ലാസ് പാസായവർക്ക് സോളാർ പി വി ഇൻസ്റ്റാളർ ഇലക്ട്രിക്കൽ കോഴ്സുകളിലേക്കും അപേക്ഷിക്കാം. അവസാന തീയതി മാർച്ച് 20. ഫോൺ: 0476 2623597, 9447488348.



# ഓപ്പറേഷൻ സാഗർ റാണി നിലച്ചു; ചീഞ്ഞ മത്സ്യം വിൽപ്പനയിൽ

**കൊടുങ്ങല്ലൂർ:** പഴകിയതും ഫോർമലിൻ കലർത്തിയതുമായ മീൻ വിൽപന തടയുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പും ഭക്ഷ്യസുരക്ഷാ വകുപ്പും ചേർന്നു നടത്തിയിരുന്ന ഓപ്പറേഷൻ സാഗർ റാണി പരിശോധന നിലച്ചു. ഗുരുതര ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്ന ഇത്തരം മീനിന്റെ വിൽപന വ്യാപകം. അഴീക്കോട് മുതൽ ചാവക്കാട് വരെയുള്ള പ്രദേശത്തു കഴിഞ്ഞ ഏതാനും മാസങ്ങളായി കടലിൽനിന്നു മീൻ സുലഭമായി ലഭിച്ചതോടെ പുറമെനിന്നുള്ള മത്സ്യം എത്തിയിരുന്നില്ല. മീൻ കുറഞ്ഞതോടെ വീണ്ടും വിവിധയിടങ്ങളിൽ നിന്നുള്ള മീൻ എത്തിത്തുടങ്ങി.

അഴീക്കോട് മുതൽ ചാവക്കാട് വരെയുള്ള തീരദേശത്തും ചില മീൻ വിൽപന കേന്ദ്രങ്ങളിലും ജില്ലയിലെ വിവിധ തട്ടുകളിലുമാണ് ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തിക്കുന്ന പഴകിയ മത്സ്യം വിൽക്കുന്നതെന്ന് ആക്ഷേപമുണ്ട്. കേരളത്തിലെ വിവിധ ഹാർബറുകളിൽനിന്നാണെന്ന വ്യാജേന പഴകിയ മീൻ വിൽക്കുകയാണ്. പിലാപ്പിയ, തിരുത, പൂമീൻ, മാന്തൾ എന്നിവയാണു കൂടുതലായും വരുന്നത്. മംഗലാപുരം, തൂത്തുക്കുടി എന്നിവിടങ്ങളിൽനിന്നു നേരിട്ടും ആലുവ, തൃശൂർ റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുമാണ് മീൻ വിതരണം.

# വാളയാർ ഡാം വൃത്തിയാക്കുന്നു; 13.4 ലക്ഷം ക്യുബിക് മീറ്റർ മണ്ണും ചെളിയും നീക്കം ചെയ്യും

**വാളയാർ:** ജില്ലയിലെ അതിർത്തി പ്രദേശങ്ങളിലെയും കിഴക്കൻ മേഖലയിലെയും കർഷകരുടെ പ്രധാന ആശ്രയമായ വാളയാർ ഡാം ആഴം കൂട്ടാനും ചെളി നീക്കാനുമായി ഖനനം ആരംഭിച്ചു. ഡാം ഡീസിൽറ്റേഷൻ പദ്ധതിയുടെ ഭാഗമായി പ്രത്യേക പ്ലാന്റ് സ്ഥാപിച്ചാണു ഖനനം നടത്തുന്നത്. അടുത്ത ഘട്ടമായി ഇതിൽ നിന്നു ചെളി, എക്കൽ മണ്ണ്, മണൽ എന്നിവ വേർതിരിച്ചു മാറ്റും. കേരള സ്റ്റേറ്റ് മിനറൽ ഡവലപ്മെന്റ് കോർപറേഷന്റെ (കെംഡൽ) നേതൃത്വത്തിലാണു പദ്ധതി നടപ്പാക്കുന്നത്.



ഹൈദരാബാദ് ആസ്ഥാനമായ അവന്തിക കോൺട്രാക്ടേഴ്സ് ലിമിറ്റഡിനാണു നിർമാണ ചുമതല. 13.4 ലക്ഷം ക്യുബിക് മീറ്റർ മണ്ണും ചെളിയും അടങ്ങിയ മിശ്രിതമാണു ഖനനം ചെയ്തെടുക്കുക. പ്ലാന്റിലെ ഫിൽറ്ററൈസേഷൻ സംവിധാനത്തിലൂടെ മണലും ചെളിയും അരിച്ചെടുക്കും. മണൽ നിർമാണ മേഖലയിലേക്കും ചെളി കർഷകർക്കു വളമായും നൽകും.

ഡാമിന്റെ വെള്ളത്തിന്റെ ഗുണ നിലവാരത്തെ ബാധിക്കാത്ത രീതിയിലും പരിസ്ഥിതിക്കു ദോഷമാകാത്ത രീതിയിലുമാണു പദ്ധതി നടപ്പാക്കുന്നത്. നിലവിലുള്ള ഗതാഗതത്തെ ബാധിക്കുകയോ പൊതു ജനങ്ങൾക്കു ബുദ്ധിമുട്ട് ഉണ്ടാവുകയോ ഇല്ലെന്ന് അധികൃതർ അറിയിച്ചു. മത്സ്യ കർഷകരുടെ പുനരധിവാസവും ഉറപ്പാക്കിയിട്ടുണ്ട്.

വാളയാർ ഡാം ആഴം കൂട്ടി കൃഷിയിടങ്ങളിലേക്കു കനാൽ വഴിയുള്ള ജലവിതരണം കാര്യക്ഷമമായാൽ പുതുശ്ശേരി, എലപ്പുള്ളി, കൊടുമ്പ്, മരുതറോഡ്, വടകരപ്പതി തുടങ്ങി 5 പഞ്ചായത്തുകളിലെ 4500 കർഷകർക്കു ഗുണം ചെയ്യും. നാലായിരത്തോളം ഹെക്ടർ ഭൂമിയിലാണു ഡാമിലെ വെള്ളം ആശ്രയിച്ചു കൃഷിചെയ്യുന്നത്. വാളയാറിലെ മെയിൻ ബ്രാഞ്ച് കനാലുകൾ 104 കിലോമീറ്ററും കാട കനാൽ 75 കിലോമീറ്ററും നീളമുണ്ട്.

രണ്ടാം വിള സമയത്ത് 4 തവണകളിലായി 35 ദിവസമാണു ഡാമിൽ നിന്നു കൃഷിയിടങ്ങളിലേക്കു വെള്ളം നൽകാറുള്ളത്. നവംബർ പകുതി മുതൽ ഫെബ്രുവരി പകുതി വരെ ഡാം വെള്ളം ലഭ്യമാക്കും. ഡാം ആഴം കൂട്ടിയാൽ ജലവിതരണം ഒന്നാം വിള സമയത്തും ലഭിക്കുമെന്ന പ്രതീക്ഷയിലാണു കർഷകർ.



# ദേശീയ പാത നവീകരണ നടപടികൾ മുന്നോട്ട്; കൊടുവള്ളിയിൽ 20 മീറ്ററിൽ ഹൈവേ

**കൊടുവള്ളി:** ഗതാഗതക്കുരുക്കിനു പരിഹാരമുണ്ടാകുന്ന വിധത്തിൽ കൊടുവള്ളിയിൽ 20 മീറ്ററിൽ ദേശീയ പാത നവീകരിച്ചു മുന്നോട്ടു പോകാനുള്ള നടപടികളുമായി അധികൃതർ. നഗരസഭയുടെ നേതൃത്വത്തിൽ നേരത്തെ വിളിച്ചുചേർത്ത വ്യാപാരികളുടെ യോഗത്തിൽ ഇക്കാര്യം ധാരണയായിരുന്നു. കിഫ്ബി അധികൃതർ വിശദമായ സർവേ നടത്തി തുടർ നടപടികൾ വൈകാതെ ആരംഭിക്കുമെന്നാണ് വിവരം.

24 മീറ്ററിൽ റോഡ് നവീകരിക്കണമെന്നായിരുന്നു കിഫ്ബി ആദ്യം മുന്നോട്ട് വച്ച നിർദേശം. എന്നാൽ കൂടുതൽ കെട്ടിടങ്ങൾ നീക്കേണ്ടി വരുമെന്നതിനാൽ ഇത് 22 മീറ്ററാക്കാനും ധാരണയായിരുന്നു. എന്നാൽ 20 മീറ്ററിൽ നവീകരിച്ചാൽ സഹകരിക്കാമെന്ന നിലപാടാണ് വ്യാപാരികളെടുത്തത്. ഇത് കിഫ്ബി അധികൃതർ അംഗീകരിക്കുമെന്ന പ്രതീക്ഷയാണ് നഗരസഭാധികൃതർ പങ്കുവയ്ക്കുന്നത്.

പുതിയ പദ്ധതിയുടെ ഭാഗമായി കെട്ടിട ഉടമകൾക്കും വ്യാപാരികൾക്കും നഷ്ടപരിഹാരത്തുക ലഭിക്കാൻ ഇടയില്ല. വലിയ തുകയുടെ ബാധ്യതകളില്ലാതെ കൊടുവള്ളിയിൽ ഒരു പദ്ധതി നടപ്പാക്കാനാണ് കിഫ്ബിയുടെയും ശ്രമം. ദേശീയ പാത നവീകരണത്തോടൊപ്പം സിറാജ് ബൈപാസും വീതി കൂട്ടി നവീകരിച്ചാൽ മാത്രമേ പദ്ധതിയുടെ പൂർണ ഫലം ലഭ്യമാകൂ എന്നിരിക്കെ ഇതിനു ഫണ്ട് പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തുമോ എന്ന കാര്യത്തിലും അവ്യക്തതയുണ്ട്.

പടനിലം വെണ്ണക്കാട് ഭാഗത്തു നിന്നും ദേശീയ പാത വികസന പദ്ധതി മണ്ണിൽ കടവ് ഭാഗത്തെ ബന്ധിപ്പിക്കുന്ന നടപടികളാരംഭിച്ചാൽ കൊടുവള്ളിക്ക് മറ്റു വികസന പദ്ധതികൾക്ക് സാധ്യതയുണ്ടാവില്ലെന്ന് പുതിയ പദ്ധതിയെ പിന്തുണയ്ക്കുന്നവർ പറയുന്നു.

കാരാട്ട് റസാഖ് എംഎൽഎ ആയിരുന്ന കാലത്ത് കൊണ്ടുവന്ന 55 കോടിയുടെ സിറാജ് മേൽപാലം, അടിപ്പാത പദ്ധതി സ്തംഭനാവസ്ഥയിലായതോടെയാണ് പുതിയ പദ്ധതിക്ക് നീക്കമാരംഭിച്ചിരിക്കുന്നത്.

നാറ്റ് പാക്ക് നടത്തിയ പഠനത്തെ തുടർന്നാണ് കിഫ്ബി പുതിയ ദേശീയ പാത നവീകരണ പദ്ധതിക്ക് നീക്കമാരംഭിച്ചത്

# വിഴിഞ്ഞം തുറമുഖം ഗെയ്റ്റ് കോംപ്ലക്സ് അടുത്ത മാസം ഉദ്ഘാടനം ചെയ്യും

**വിഴിഞ്ഞം:** നിർമാണം ദ്രുതഗതിയിൽ പുരോഗമിക്കുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഗേറ്റ് കോംപ്ലക്സ് ഉദ്ഘാടനം അടുത്ത മാസം നടക്കുമെന്ന് തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ അറിയിച്ചു. തുറമുഖ നിർമാണ പ്രവൃത്തിയുടെ മാസാന്ത്യ അവലോകന യോഗത്തിന് ശേഷം വ്യാഴാഴ്ച മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മന്ത്രി .

തുറമുഖത്തിന്റെ നിർമാണ പ്രവൃത്തി പ്രതീക്ഷിച്ച വേഗതയിൽ തന്നെ മുന്നോട്ടു പോകുന്നുണ്ട്. ഗേറ്റ് കോംപ്ലക്സ് ഉദ്ഘാടനം ഏപ്രിലിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ആകെ 2241 മീറ്റർ നീളം വരുന്ന പുലിമുട്ടിന്റെ 2235 മീറ്റർ നിർമാണം പൂർത്തീകരിച്ചു. നേരത്തെ പ്രഖ്യാപിച്ച പോലെ ഓണത്തോടെ വിഴിഞ്ഞത്ത് ആദ്യ കപ്പൽ അടുക്കുമെന്നും മന്ത്രി അറിയിച്ചു.

തുറമുഖ നിർമാണ കമ്പനിയുമായുള്ള കരാർ പ്രകാരം പുലിമുട്ട് നിർമാണത്തിന്റെ 30 ശതമാനം പൂർത്തിയായാൽ തുകയുടെ 25 ശതമാനം ആയ 346 കോടി രൂപ കൈമാറണം. ഈ തുക മാർച്ചിൽ തന്നെ കൈമാറും. മുഖ്യമന്ത്രിയുമായും സംസ്ഥാന സഹകരണ മന്ത്രിയുമായും നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ അടിയന്തിരമായി സഹകരണ വകുപ്പിൽ നിന്ന് ആവും തുക ലഭ്യമാക്കുകയെന്ന് മന്ത്രി വ്യക്തമാക്കി.

റെയിൽ, ദേശീയപാത കണക്ടിവിറ്റിക്കായി 200 കോടി രൂപയും റെയിൽവേ പദ്ധതിക്ക് വേണ്ടി ഭൂമിയേറ്റെടുക്കലിന് 1150 കോടി രൂപയും ഉൾപ്പെടെ 3450 കോടി രൂപയാണ് മൊത്തം ആവശ്യമായിട്ടുള്ളത്. ഇത് ഹഡ്കോയിൽ നിന്ന് ബ്രിഡ്ജ് ലോൺ മുഖേന ലഭ്യമാക്കും. കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് ആണ് റെയിൽവേ കരാർ ഏറ്റെടുത്തിരിക്കുന്നത്. റെയിൽവേ ലൈനിനായുള്ള ഭൂമി ഏറ്റെടുക്കൽ വരുന്ന ഒക്ടോബറോടെ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

യോഗത്തിൽ തുറമുഖ വകുപ്പ് ഉദ്യോഗസ്ഥർ, തുറമുഖ നിർമാണ കമ്പനിയുടെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# കൃത്രിമ ഭൂജല സംപോഷണത്തിന് അടിയന്തിര പ്രാധാന്യം നല്കണം

തീരദേശ പ്രദേശങ്ങളിലും ഇടനാട്ടിലും കൃത്രിമ ഭൂജല സംപോഷണത്തിന് കൂടുതൽ പ്രാധാന്യം നൽകണമെന്ന് കേന്ദ്ര ഭൂജല ബോർഡ് കേരള റീജിയൺ ഓഫീസ് നടത്തിയ ജില്ലയുടെ എൻ എ ക്യു ഐ എം പഠനറിപ്പോർട്ട്. ജില്ലയുടെ ഭൂജല സമ്പത്ത് വർദ്ധിപ്പിക്കാൻ ഇക്കാര്യം നടപ്പാക്കണമെന്ന് റിപ്പോർട്ടിൽ നിർദ്ദേശം. ഭൂജല സമ്പത്തിൽ കാര്യമായ കുറവുള്ള കണ്ണൂർ, തലശ്ശേരി, പാനൂർ ബ്ലോക്കുകളിൽ കൃത്രിമ ഭൂജല സംപോഷണത്തിന് പ്രാധാന്യം നകണമെന്നും റിപ്പോർട്ട് നിർദേശമുണ്ട് . ജില്ലയിലെ ഭൂജല വിതാനം, ജലത്തിന്റെ ഗുണ നിലവാരം തുടങ്ങിയവ സംബന്ധിച്ച് പതിനൊന്നു ബ്ലോക്കുകളിലാണ് പഠനം നടന്നത്. പഠനറിപ്പോർട്ടിന്റെ പ്രകാശനം കേന്ദ്ര ഭൂജല ബോർഡ് കേരള റീജിയൺ ഓഫീസ് മേധാവി എം. സന്താന സുബ്രഹ്മണി കണ്ണൂർ ജില്ലാ കളക്ടർ എസ്. ചന്ദ്രശേഖരന് നല്കി നിർവഹിച്ചു.

# മാനസികാരോഗ്യ സംവിധാനങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കണം: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** മാനസികാരോഗ്യ ചികിത്സയുമായി ബന്ധപ്പെട്ട സംവിധാനങ്ങൾക്ക് കാലോചിതമായ പരിഷ്ക്കാരം ആവശ്യമാണെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. സെല്ലുകൾ ഉൾപ്പെടെയുള്ളവ മാറ്റി ബിഹേവിയറൽ ഐസിയു ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ആവശ്യമാണ്. ആ രീതിയിൽ ഏതൊക്കെ സംവിധാനങ്ങളാണ്, ചികിത്സാ രീതികളാണ് ആവശ്യമാണെന്ന രീതിയിലുള്ള പഠനം നടത്തുമെന്നും മന്ത്രി വ്യക്തമാക്കി. തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിലെ അന്തേവാസികൾക്കായി സംഘടിപ്പിച്ച സ്നേഹ വിരുന്നിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു മന്ത്രി. തിരുവനന്തപുരം ജില്ലാ ഭരണകൂടം രൂപകല്പന ചെയ്തു നൽകിയ തളിര് ലോഗോയുടെ പ്രകാശനവും മന്ത്രി നിർവഹിച്ചു.

ഏറ്റവും സ്നേഹവും പരിചരണവും ആവശ്യമായ ഒരു വിഭാഗമാണിവർ. ജീവിതത്തിലെ പലവിധ യാഥാർത്ഥ്യങ്ങളിലും പ്രതിസന്ധികളിലും പിടിച്ചുനിൽക്കാൻ കഴിയാത്തവരും തളർന്ന് പോയവരുമാണ് അധികവും. രോഗം ഭേദമായവരുടെ പുനരധിവാസം വളരെ പ്രധാനമാണ്. ഇതൊരു രോഗാവസ്ഥ മാത്രമാണെന്നും ചികിത്സിച്ച് ഭേദമാക്കാൻ കഴിയുന്നതാണെന്നുമുള്ള ബോധ്യം ഉണ്ടാകണം. മാനസികാരോഗ്യ രംഗത്ത് ഒട്ടേറെ പരിപാടികൾ നടപ്പിലാക്കി വരുന്നു. മാനസികാരോഗ്യ ചികിത്സയെ വികേന്ദ്രീകരിച്ച് തദ്ദേശ സ്ഥാപന തലത്തിലുള്ള ആരോഗ്യ കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കും. തിരുവനന്തപുരം, കോഴിക്കോട്, തൃശൂർ എന്നിവിടങ്ങളിൽ കേന്ദ്ര നിയമമനുസരിച്ചുള്ള അതോറിറ്റികളുടെ പ്രവർത്തനം ഒരു മാസത്തിനുള്ളിൽ ആരംഭിക്കും. കുറച്ചേറെ വർഷമായി മുടങ്ങിക്കിടന്ന മാനസികാരോഗ്യ കേന്ദ്രത്തിലെ വികസന പദ്ധതി യാഥാർത്ഥ്യമാക്കാനുള്ള പരിശ്രമത്തിലാണ് സർക്കാരെന്നും മന്ത്രി വ്യക്തമാക്കി.വി.കെ. പ്രശാന്ത് എംഎൽഎ. അധ്യക്ഷത വഹിച്ചു ഡോ. എൽ.ടി. സരിത കുമാരി, എച്ച്.ഡി.സി. മെമ്പർമാർ എന്നിവർ പങ്കെടുത്തു.

## ഓർഫനേജ് കൗൺസിലർമാരുടെ പാദവാർഷിക കോൺഫറൻസ് ഇന്ന്

ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന ഓർഫനേജ് കൗൺസിലർമാരുടെ പാദവാർഷിക കോൺഫറൻസ് ഇന്ന് (മാർച്ച് 17) നടക്കുമെന്ന് മന്ത്രി ഡോ. ആർ ബിന്ദു അറിയിച്ചു. തിരുവനന്തപുരത്തെ പൂജപ്പുര വനിതാ ശിശുവികസന വകുപ്പ് ഡയറക്ട്രേറ്റ് സംസ്ഥാനതല പരിശീലന കേന്ദ്രത്തിലായിരിക്കും പരിപാടി. രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കും.ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർക്ക് കൗൺസിലിംഗ് നൽകുന്നത് വഴി മാനസികസാമൂഹിക പിന്തുണ ഉറപ്പാക്കുകയാണ് ലക്ഷ്യമിടുന്നതെന്നു ബിന്ദുപറഞ്ഞു.സംസ്ഥാനത്തെ ഓർഫനേജ് കൗൺസിലർമാരാണ് ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർക്ക് കൗൺസിലിംഗ് നൽകുന്ന ദൗത്യം നടപ്പാക്കുന്നത്.



## എൻട്രൻസ് പരീക്ഷയ്ക്ക് സൗജന്യ പരിശീലനം

**കൊച്ചി:** 2022-23 വർഷം പ്ലസ് ടു സയൻസ് വിഷയത്തിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2023 ലെ നീറ്റ്/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയ്ക്കു മുൻപായി സൗജന്യ ഭക്ഷണ താമസ സൗകര്യത്തോടെ ഒരു മാസത്തെ ക്രാഷ് കോച്ചിംഗ് ക്ലാസിൽ പങ്കെടുക്കുന്നതിന് അർഹരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. 2022ലെ ഒന്നാം വർഷ പരീക്ഷയിലും, പ്ലസ് ടു ഇതുവരെയുള്ള പരീക്ഷകളിലും ഉന്നതവിജയം കൈവരിച്ചവരും, 2023 എൻട്രൻസ് പരീക്ഷ എഴുതുവാൻ താല്പര്യമുള്ളവരുമായ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ പേര്, രക്ഷിതാവിന്റെ പേര്, മേൽവിലാസം (പിൻകോഡ് സഹിതം), ബന്ധപ്പെടാവുന്ന ഫോൺ നമ്പർ, പരിശീലനം ക്രമീകരിക്കുന്ന സ്ഥലത്ത് താമസിച്ചു പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള സമ്മതപത്രം ഇവ വെള്ളക്കടലാസിൽ രേഖപ്പെടുത്തി രക്ഷിതാവിൻറെ സമ്മതപത്രം, പ്ലസ് വൺ പരീക്ഷയുടെ സർട്ടിഫിക്കറ്റിന്റെയും, ജാതി, വരുമാന സർട്ടിഫിക്കറ്റുകളുടെയും പകർപ്പ് സഹിതമുള്ള അപേക്ഷ മാർച്ച് 20ന് വൈകിട്ട് അഞ്ചിന് മുമ്പായി ജില്ലാ പട്ടിക വർഗ്ഗ വികസന ഓഫീസർ, പട്ടിക വർഗ്ഗ വികസന ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ, മുടവൂർ പി.ഒ, മൂവാറ്റുപുഴ 686669, വിലാസത്തിൽ അയക്കണം.. നിശ്ചിത സമയത്തിനകം ലഭിക്കാത്തതും ആവശ്യമായ രേഖകൾ ഇല്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. തിരഞ്ഞെടുക്കപ്പെട്ടവർക്ക് നിർദ്ദിഷ്ട പരിശീലനത്തിനായി താമസ ഭക്ഷണ സൗകര്യമുൾപ്പടെയുള്ള മുഴുവൻ ചെലവും സർക്കാർ വഹിക്കും. കൂടുതൽ വിവരങ്ങൾക്ക് 0485 2814957 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം.

## ജോലി ഒഴിവ്

**കൊച്ചി:** കോട്ടയം ജില്ലയിലെ ഒരു സർക്കാർ സ്ഥാപനത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതിയിലേക്ക് ജെൻഡർ സ്പെഷ്യലിസ്റ്റ് തസ്തികയിൽ പട്ടികജാതിയിൽ ഉൾപ്പെട്ടവർക്കായുള്ള ഒരു താൽക്കാലിക ഒഴിവ് നിലവിലുണ്ട്. സംവരണ വിഭാഗത്തിന്റെ അഭാവത്തിൽ മറ്റു വിഭാഗങ്ങളേയും പരിഗണിക്കുന്നതാണ്. യോഗ്യത സോഷ്യൽ വർക്ക്/മറ്റ് സാമൂഹിക വിഷയങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദധാരികൾക്ക് മുൻഗണന.പ്രവർത്തി പരിചയം : ജെൻഡർ ഫോക്കസ്ഡ് വിഷയങ്ങളിൽ സർക്കാർ/സർക്കാരിതര ഓർഗനൈസേഷനുകളിൽ പ്രവർത്തിച്ചതിന്റെ കുറഞ്ഞത് മൂന്ന് വർഷത്തെ പരിചയം അഭിലഷണീയം. ശമ്പള സ്കെയിൽ 2750027500 പ്രായം (2023 ജനുവരി ഒന്നിന് ) 18-41.നിശ്ചിത യോഗ്യതയുള്ള തല്പരരായ ഉദ്യോഗാർഥികൾ പ്രായം, ജാതി, വിദ്യാഭ്യാസ യോഗ്യത, എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ സാഹിതം മാർച്ച് 27 നു മുമ്പ് ബന്ധപ്പെട്ട പ്രൊഫഷണൽ ആൻറ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യണം. നിലവിൽ ജോലിചെയ്തുകൊണ്ടിരിക്കുന്നവർ ബന്ധപ്പെട്ട നിയമാനാധികാരിയിൽ നിന്നുമുള്ള എൻ ഓ സി ഹാജരാക്കേണ്ടതാണ്. 1960 ലെ ഷോപ്സ് ആൻറ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിനു കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ അസിസ്റ്റന്റ് ലേബർ ഓഫിസർ ഗ്രേഡ് II ഉം ഫാക്ടറി ആക്ടിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ ഫാക്ടറി ഇൻസ്പെക്ടർ / ജോയിന്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കണം

# വനിതാ ചലച്ചിത്രമേളയക്ക് ഇന്ന് ആലപ്പുഴയിൽ തുടക്കം; 25 ചിത്രങ്ങൾ പ്രദർശിപ്പിക്കും

**ആലപ്പുഴ :**കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ഇന്നു മുതൽ 19 വരെ ആലപ്പുഴ കൈരളി, ശ്രീ തീയറ്ററുകളിൽ സംഘടിപ്പിക്കുന്ന നാലാമത് അന്താരാഷ്ട്ര വനിതാ ചലച്ചിത്രമേള സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും. ഇന്ന് വൈകിട്ട് ആറു മണിക്ക് കൈരളി തിയേറ്ററിൽ നടക്കുന്ന ചടങ്ങിൽ എച്ച്.സലാം എം.എൽ.എ. അധ്യക്ഷത വഹിക്കും.ഫെസ്റ്റിവൽ ബുക്കിന്റെ പ്രകാശനം പി.പി.ചിത്തരഞ്ജൻ എം.എൽ.എ. ദലീമ ജോജോ എം.എൽ.എയ്ക്ക് നൽകിക്കൊണ്ട് നിർവഹിക്കും. ഡെയ്ലി ബുള്ളറ്റിൻ യു.പ്രതിഭ എം.എൽ.എ. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി.രാജേശ്വരിക്ക് നൽകിക്കൊണ്ട് പ്രകാശനം ചെയ്യും. ആദ്യ വനിതാ വോളിന്റീയർ പാസിന്റെ വിതരണോദ്ഘാടനം മുനിസിപ്പൽ ചെയർപേഴ്സൺ സൗമ്യാരാജ് നിർവഹിക്കും. സാംസ്കാരിക വകുപ്പ് സെക്രട്ടറി മിനി ആന്റണി ഐ.എ.എസ്. കെ.എസ്.എഫ്.ഡി.സി. മാനേജിംഗ് ഡയറക്ടർ എൻ. മായ ഐ.എഫ്.എസിന് നൽകിക്കൊണ്ട് ഫെസ്റ്റിവൽ ഷെഡ്യൂൾ പ്രകാശനംചെയ്യും. തിരക്കഥാകൃത്ത് ശാരംഗപാണിയെക്കുറിച്ച് മകൾ ജൂല എഴുതി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി പ്രസിദ്ധീകരിച്ച ശാരംഗപാണിനീയം എന്ന പുസ്തകം ഗായിക പി.കെ മേദിനിക്ക് നൽകിക്കൊണ്ട് മന്ത്രി സജി ചെറിയാൻ പ്രകാശനം ചെയ്യും. ചടങ്ങിൽ പി.കെ മേദിനിയെ മന്ത്രി പൊന്നാടയണിയിച്ച് ആദരിക്കും. തുടർന്ന് ഉദ്ഘാടന ചിത്രമായ 'ദ ബ്ളൂ കാഫ്താൻ' പ്രദർശിപ്പിക്കും. സാംസ്കാരിക വകുപ്പിന്റെ 'സമം' പദ്ധതിയുടെ ഭാഗമായി




ഇൻഫർമേഷൻ ആൻഡ് പബ്ളിക് റിലേഷൻസ് വകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ചലച്ചിത്രമേളയിൽ 25 ചിത്രങ്ങൾ പ്രദർശിപ്പിക്കും. ലോകസിനിമ, ഇന്ത്യൻ സിനിമ, മലയാള സിനിമ വിഭാഗങ്ങളിലായി വനിതാ സംവിധായകരുടെ 20 സിനിമകളും അഞ്ച് ഡോക്യുമെന്ററികളുമാണ് മേളയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കാൻ, മ്യൂണിച്ച് മേളകളിൽ ഉൾപ്പെടെ 50ൽപ്പരം പുരസ്കാരങ്ങൾ വാരിക്കൂട്ടിയ ഷാർലറ്റ് വെൽസിന്റെ 'ആഫ്റ്റർ സൺ', കാൻ, സാൻ സെബാസ്റ്റ്യൻ, ഷിക്കാഗോ ചലച്ചിത്രമേളകളിൽ പുരസ്കാരങ്ങൾ നേടിയ മേരി ക്രൂസ്റ്ററുടെ 'കോർസാഷ്' ലൊകാർണോ മേളയിൽ ഗോൾഡൻ ലെപ്പേർഡ് പുരസ്കാരം നേടിയ ജൂലിയ മുറാറ്റിന്റെ 'റൂൾ 34', ബെർലിൻ, സൺഡാൻസ് ഫെസ്റ്റിവലുകളിൽ അവാർഡുകൾ നേടിയ 'ക്ളോൺഡിക്കെ' തുടങ്ങി ലോക സിനിമ വിഭാഗത്തിൽ 14 സിനിമകൾ പ്രദർശിപ്പിക്കും. ഇന്ത്യൻ സിനിമ വിഭാഗത്തിൽ റിമാദാസിന്റെ 'ടോറാസ് ഹസ്ബന്റ്', അഞ്ജലി മേനോന്റെ 'വണ്ടർവിമൻ' എന്നിവ പ്രദർശിപ്പിക്കും. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ വനിതാസംവിധായികമാരെ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി നിർമ്മിച്ച ഏറ്റവും പുതിയ രണ്ടു ചിത്രങ്ങൾ മേളയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്ദുലക്ഷ്മി സംവിധാനം ചെയ്ത 'നിള', ശ്രുതി ശാരണ്യത്തിന്റെ 'ബി 32 റ്റു 44'എന്നിവയാണ് ഈ ചിത്രങ്ങൾ. ഇന്ദു വി.എസ് സംവിധാനം ചെയ്ത 19 (1)(മ ), രത്തീനയുടെ 'പുഴു'എന്നീ മലയാള ചിത്രങ്ങളും പ്രദർശിപ്പിക്കും. അഞ്ച് ഡോക്യുമെന്ററികളുടെ പ്രദർശനവും മേളയിൽ ഉണ്ടായിരിക്കും.മേളയോടനുബന്ധിച്ച് ഓപ്പൺ ഫോറം, സാംസ്കാരിക പരിപാടികൾ എന്നിവയും സംഘടിപ്പിക്കും. 18 ന് വൈകിട്ട് ഏഴു മണിക്ക് പിന്നണി ഗായിക പുഷ്പവതി അവതരിപ്പിക്കുന്ന സംഗീതപരിപാടി ഉണ്ടായിരിക്കും. മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന മേളയിൽ പൊതുവിഭാഗത്തിന് 300 രൂപയും വിദ്യാർത്ഥികൾക്ക് 150 രൂപയുമാണ് ഡെലിഗേറ്റ് ഫീസ്. ൃലഴശൃേമശേീ.ശളളസ.ശി എന്ന ലിങ്ക് മുഖേന ഓൺലൈനായി രജിസ്ട്രേഷൻ നടത്താം. ഓഫ്ലൈൻ രജിസ്ട്രേഷന് ആലപ്പുഴ കൈരളി തീയറ്ററിലും കെ.എസ്.ആർ.ടി.സി സ്റ്റാന്റിലും സജ്ജീകരിച്ച ഡെലിഗേറ്റ് കൗണ്ടറുകളിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

# ആനയുടെയുടെ മരണം ബിനാലെയിൽ ആവിഷ്കരിച്ച് ബംഗ്ലാദേശി ആർട്ടിസ്റ്റ്

**കൊച്ചി:** 2020 മെയ്27നു പാലക്കാട് അമ്പലപ്പാറയിൽ ഗർഭിണിയായ ആന സ്ഫോടകവസ്തു നിറച്ച കൈതച്ചക്കതിന്ന് അതിദാരുണമാംവിധം കൊല്ലപ്പെടുകയുണ്ടായി. വായ തകർന്ന ആന ആഹാരം കഴിക്കാനാകാതെ പ്രാണവേദനയോടെ എമ്പാടും അലഞ്ഞു. ഒടുവിൽ പുഴയിലിറങ്ങി തുമ്പിക്കയ്യും വായും വെള്ളത്തിലാഴ്ത്തി നിലയുറപ്പിച്ച് രണ്ടുദിവസമായപ്പോഴേക്കും ചരിഞ്ഞു. അന്താരാഷ്ട്ര തലത്തിൽ ചർച്ച ചെയ്യപ്പെട്ട ഈ സംഭവം പരാമർശിക്കുന്ന ആവിഷ്കാരമുണ്ട് ബിനാലെയിൽ. ഒരുക്കിയത് ബംഗ്ലാദേശി സമകാലീന കലാകാരൻ ഷിഖ് സാബ്ബിർ ആലം. ഫോർട്ട് കൊച്ചി ആസ്പിൻവാൾ ഹൗസിൽ ഇത് കാണാം. പൂന്തോട്ടത്തെക്കുറിച്ച്, മന്ത്രികഭവനം1,2,3, ആനകളും പഴവും, വെള്ള മുയൽ എന്നിങ്ങനെ ആറു ആക്രിലിക് ക്യാൻവാസ് പെയിന്റിംഗുകളാണ് ഷിഖ് സാബ്ബിർ ആലം ബിനാലെയിൽ അവതരിപ്പിച്ചിട്ടുള്ളത്. ആമകൾ തൊട്ട് ആനകളും പഴങ്ങളും പൂക്കളും മറ്റു രൂപങ്ങളും ഇടതിങ്ങിയ ഈ സൃഷ്ടികൾ സ്വപ്നാത്മകം. ഒപ്പം നിഗൂഢാത്മകവും. നീണ്ട ഉറക്കത്തിനൊടുവിൽ കണ്ണുചിമ്മിത്തുറക്കുമ്പോൾ ക്രമേണ തെളിഞ്ഞുവരുന്ന കാഴ്ചപോലെയാണ് തന്റെ ചിത്രങ്ങളെന്നു ആലം. അവതരിപ്പിക്കാൻ ശ്രമിക്കുന്ന അനുഭൂതികളിലേക്ക് പേസ്റ്റൽ നിറമാർന്ന ചിത്രവിന്യാസങ്ങളിലൂടെ



ആസ്വാദകരെ നയിക്കാനാണ് ശ്രമം. ഒരു പൂവിന്റെയോ ഫലത്തിന്റെയോ നിറം മതി ഒരുവേള നൈസർഗിക സൃഷ്ടിയ്ക്ക് പ്രചോദനം പകരാനെന്നും ആലം പറയുന്നു. കൊച്ചി ബിനാലെയ്ക്ക് വേണ്ടി ആലം തയ്യാറാക്കിയ സൃഷ്ടികളിലും പ്രകൃതിയും ജീവപാലനവും തന്നെ മുഖ്യ കഥാപാത്രങ്ങൾ. സസ്യ, ജീവിജാലങ്ങൾക്ക് പ്രധാന പരിഗണന നൽകുന്ന ചിന്തകളാണ് ആർട്ടിസ്റ്റിനെ നയിക്കുന്നത്. ഒരു ദൃശ്യാനുഭവത്തിൽ നിന്നുടലെടുക്കുന്ന ധാരണകൾ, വികാരങ്ങൾ, പിന്നെ അവയുടെ കെട്ടുപിണയലുകളും സംഘട്ടനങ്ങളുമൊക്കെ പെയിന്റിംഗുകളിൽ ഉൾച്ചേരുന്നു. അതുപോലെ തന്നെ മനുഷ്യർക്കും മൃഗങ്ങൾക്കുമിടയിലെ സംഘർഷവും ആവിഷ്കാരത്തിൽ ഇടംപടിക്കുന്നുണ്ട്. ഇതിനുദാഹരണമാണ് കഴിക്കാനിടയായ സ്ഫോടകവസ്തു ജീവനെടുത്ത ആനയുടെ ദൈന്യത.

# നിർധന യുവതികൾക്ക് സഹായഹസ്തം ; 'മാംഗല്യം സാഫല്യം' പദ്ധതിയുമായി കെ.വി.വി.ഇ.എസ്



**വ്യാപാരി വ്യവസായി ഏകോപന സമിതി വനിതാ വിംഗ് എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന 'മാംഗല്യം സാഫല്യം' പദ്ധതിയുടെ ആദ്യ ചെക്ക് സ്വീകരണവും സമ്മാന കൂപ്പൺ വിതരണ ഉദ്ഘാടനവും വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി സി ജേക്കബ്ബ് നിർവ്വഹിക്കുന്നു. ജയ പീറ്റർ,കെ.ടി ജോയി, അഡ്വ.എ.ജെ റിയാസ്, മായ ജേക്കബ്ബ്,സുബൈദ നാസർ, സിനിജ റോയി, സുനിത വിനോദ് തുടങ്ങിയവർ സമീപം**

**കൊച്ചി:** നിർധന യുവതികൾക്ക് വിവാഹമെന്ന സ്വപ്നം സാക്ഷാൽക്കരിക്കുന്നതിന് കൈത്താങ്ങായി ' മാംഗല്യം സാഫല്യം' പദ്ധതിയുമായി കേരള വ്യാപാരി വ്യവസായി ഏകോപന സമിതി( കെ.വി.വി.ഇ.എസ്).ഏകോപന സമിതി വനിതാ വിംഗ് എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് പാവപ്പെട്ട യുവതികൾക്ക് സഹായ ഹസ്തമൊരുക്കി 'മാംഗല്യം സാഫല്യം' പദ്ധതി ആരംഭിച്ചിരിക്കുന്നത്.ഇതിന്റെ ഭാഗമായി വനിതാ വിംഗ് ജില്ലാ കമ്മിറ്റി ഏർപ്പെടുത്തിയിരിക്കുന്ന സമ്മാന കൂപ്പൺ വിതരണ ഉദ്ഘാടനവും ആദ്യ ചെക്ക് സ്വീകരണവും ജില്ലാ വ്യാപാര ഭവനിൽ നടന്ന ചടങ്ങിൽ വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി സി ജേക്കബ്ബ് നിർവ്വഹിച്ചു.വനിതാം വിംഗ് സംസ്ഥാന പ്രസിഡന്റ് സുബൈദ നാസർ അധ്യക്ഷത വഹിച്ചു.ഏകോപന സമിതി ജില്ലാ ജനറൽ സെക്രട്ടറി അഡ്വ.എ.ജെ റിയാസ്,ജില്ലാ സെക്രട്ടറിയേറ്റംഗം കെ.ടി ജോയി,വനിതാ വിംഗ് സംസ്ഥാന വൈസ് പ്രസിഡന്റ് മായ ജേക്കബ്ബ്,സംസ്ഥാന സെക്രട്ടറി ജയാ പീറ്റർ, ജില്ലാ ജനറൽ സെക്രട്ടറി സിനിജ റോയി, ട്രഷറർ സുനിത വിനോദ് തുടങ്ങിയവർ സംസാരിച്ചു.

# ഡിസൈനർ വൈവിധ്യങ്ങളുമായി വില്ലേജ് ഷോപ്പ് എക്സിബിഷൻ

**കോഴിക്കോട്:** വീടിനു യൂറോപ്യൻ ടച്ച് നൽകുന്ന കോട്ടൺ ഇന്റീരിയർ ഉൽപ്പന്നങ്ങളുമായി വില്ലേജ് ഷോപ്പ് ഒരുക്കുന്ന ഹോം ടെക്സ്റ്റൈൽ മേള നഗരത്തിൽ. കോഴിക്കോട് ബീച്ച് റോഡിലുള്ള കാലിക്കറ്റ് കോസ്മോപോളിറ്റൻ ക്ലബിൽ മാർച്ച് 17 മുതൽ 18 വരെ തീയതികളിലായി പ്രദർശനവും വിൽപ്പനയും നടക്കും. രാവിലെ 10 മുതൽ രാത്രി 8 മണിവരെയാണ് പ്രദർശനം.കണ്ണൂരിന്റെ പരമ്പരാഗത തറി നെയ്ത്തിൽ യൂറോപ്പ്യൻ ഡിസൈനുകളുടെ ആവിഷ്ക്കാരമാണ് മേളയുടെ പ്രത്യേകത. വീട്ടിലെ ഓരോ മുറിക്കും വേണ്ടതായ ഉൽപ്പന്നങ്ങൾ ലഭ്യമാണ്. സ്വീകരണ മുറിക്കായി കുഷ്യൻ, ഫില്ലർ, കവർ, കർട്ടൻ എന്നിവ പ്രദർശനത്തിനുണ്ട്. ഡൈനിങ്ങ് ഏരിയ മോടി പിടിപ്പിക്കാൻ ടേബിൾ കവർ, ടേബിൾ മാറ്റ്, റണ്ണർ എന്നിവയ്ക്ക് പുറമേ ബാത്ത് മാറ്റ്, ലോൺട്രി ബാഗ്, വാഷിങ്ങ് ഏരിയയിൽ തൂക്കിയിടുന്ന യൂറോപ്പ്യൻ സ്റ്റൈൽ ഹാന്റ് ടവലുകൾ, കോട്ടൺ ടവലുകൾ എന്നിവയുമുണ്ട്.ബെഡ്റൂമുകൾക്കായുള്ള ഡിസൈനർ കിൽറ്റുകൾക്കുപുറമെയാൺ ഡൈ ചെയ്ത് തയ്യാറാക്കിയ പ്രത്യേക ബെഡ് ഷീറ്റുകളാണ് ഇത്തവണ മേളയുടെ പ്രധാന ആകർഷണമെന്ന് വില്ലേജ് ഷോപ്പ്സ് എക്സിബിഷൻസ് ഉടമ ബീന വൽസരാജ് പറഞ്ഞു. വില്ലേജ് ഷോപ്പിന്റെ മാത്രം പ്രത്യേകതയായ ഡിസൈനർ തോർത്തുകൾ ഇത്തവണയും പ്രദർശനത്തിനെത്തിയിട്ടുണ്ട്. കിച്ചൻ ആവശ്യങ്ങൾക്കായി ഏപ്രൺ, ടവൽ, കിച്ചൺ ടവൽ, ടേബിൾ നാപ്കിൻസ്, ബ്രെഡ് ബാസ്കറ്റ്, ഫ്രിഡ്ജ് ഹാൻഡിൽ കവർ, വാട്ടർ ബോട്ടിൽ കവർ, ടിഷ്യു ബോക്സ് കവർ, ഡിഷ് ക്ലോത്ത് എന്നിവയുടെ വൈവിധ്യമാർന്ന ഡിസൈനുകളും ഒരുക്കിയിട്ടുണ്ട്. ഇതുകൂടാതെ സ്ത്രീകൾക്കായി ശുദ്ധ കോട്ടണിൽ തീർത്ത പൈജാമ സെറ്റുകളും, പാന്റുകളും, നൈറ്റികളും , എംബ്രോയഡറി ചെയ്ത കുഞ്ഞുടുപ്പകളുടെ ശേഖരവും ഇത്തവണ പ്രദർശനത്തിനുണ്ടെന്ന് ബീന വൽസരാജ് പറഞ്ഞു.



# ഐ.എം.എയുടെ മെഡിക്കൽ സമരം: ഡോക്ടർമാർ ഇന്ന് കലക്ടറേറ്റിനു മുന്നിൽ ധർണ നടത്തും

**കൊച്ചി:** കോഴിക്കോട് ഫാത്തിമ ആശുപത്രിയിലെ ഡോക്ടറെ ക്രൂരമായി ആക്രമിച്ച സംഭവത്തിലെ മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യാൻ തയ്യാറാകത്ത പോലിസ് നടപടിയിൽ പ്രതിഷേധിച്ച് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐ.എം.എ)ന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഇന്ന് നടത്തുന്ന മെഡിക്കൽ സമരത്തിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ ഡോക്ടർമാർ കാക്കനാട് കലക്ടറേറ്റിനു മുന്നിൽ ധർണ നടത്തുമെന്ന് ഐ.എം.എ എറണാകുളം ജില്ലാ ചെയർമാൻ ഡോ.സാബു പോൾ കൺവീനർ ഡോ. എം.എം ഹനീഷ് എന്നിവർ അറിയിച്ചു.രാവിലെ 9.30 മുതൽ ആരംഭിക്കുന്ന ധർണയിൽ ഐ.എം.എയുടെ എറണാകുളം ജില്ലയിലെ മുഴുവൻ ഡോക്ടർമാരും ഒ.പി ബഹിഷ്കരിച്ചുകൊണ്ട് അണിനിരക്കും.ആധുനിക വൈദ്യശാസ്ത്ര മേഖലയിലെ എല്ലാ അവാന്തര വിഭാഗങ്ങളിലെ ഡോക്ടർമാരുടെ സംഘടനകളും ഇന്ത്യൻ ഡെന്റൽ അസോസിയേഷൻ,ലാബ് ടെക്നീഷ്യൻസ് ഉൾപ്പെടെ ആരോഗ്യ മേഖലയിലെ പ്രധാനപ്പെട്ട മുഴുവൻ സംഘടനകളും സമരത്തിന് പിന്തുണ അറിയിച്ചിട്ടുണ്ടെന്നും ഐ.എം.എയുടെ കേരളത്തിലെ ചരിത്രത്തിലെ ഏറ്റവും ശക്തമായ സമരമായിരിക്കും ഇന്നു നടക്കുകയെന്നും ഐ.എം.എ ജില്ലാ ഭാരവാഹികൾ വ്യക്തമാക്കി.രാവിലെ ആറു മുതൽ വൈകിട്ട് ആറുവരെയാണ് സമരം.ബ്രഹ്മപുരം തീപിടുത്തത്തുടർന്നുണ്ടായ പുക ശ്വസിച്ച് ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നവർക്കായി നടക്കുന്ന ചികിൽസ ക്യാംപുകളെയും ആശുപത്രിയിലെ അത്യാഹിത വിഭാഗങ്ങളെയും സമരം ബാധിക്കില്ലെന്നും ഇവർ പറഞ്ഞു.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** അമൃത വിശ്വവിദ്യാപീഠം യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കൊച്ചി കാമ്പസിലെ അമൃത സ്കൂൾ ഓഫ് നാനോസയൻസ് ആൻഡ് മൊളിക്യൂലാർ മെഡിസിൻ വിഭാഗത്തിൽ ബി. എസ് സി., എം. ടെക്., എം. എസ് സി., കോഴ്സുകളിലേക്കും അമൃത അമേരിക്കയിലെ അരിസോണ സർവ്വകലാശാലകൾ ചേർന്ന് നടത്തുന്ന എം. എസ് സി. എം. എസ്., എം. ടെക്. എം. എസ്. ഡ്യൂവൽ ഡിഗ്രി കോഴ്സുകളിലേക്കും അപേക്ഷ ക്ഷണിച്ചു.ബി. എസ് സി. പ്രോഗ്രാം: ബി. എസ് സി. ഓണേഴ്സ് വിത്ത് റിസർച്ച് ഇൻ മോളിക്കുലാർ മെഡിസിൻ (നാല് വർഷ ബിരുദ കോഴ്സ്)എം. എസ് സി പ്രോഗ്രാമുകൾ: നാനോബയോടെക്നോളജി, മൊളിക്യൂലാർ മെഡിസിൻ, നാനോ ഇലക്ട്രോണിക്സ് ആൻഡ് നാനോ എൻജിനീയറിങ് (രണ്ട് വർഷം)എം. ടെക്. പ്രോഗ്രാമുകൾ: നാനോബയോടെക്നോളജി, മൊളിക്യൂലാർ മെഡിസിൻ, നാനോ ഇലക്ട്രോണിക്സ് ആൻഡ് നാനോ എൻജിനീയറിങ് (രണ്ട് വർഷം) അമൃത അരിസോണ സർവ്വകലാശാല ഡ്യൂവൽ ഡിഗ്രി പ്രോഗ്രാം:എം. എസ് സി എം. എസ്. ഡിഗ്രി പ്രോഗ്രാമുകൾ (രണ്ടു വർഷം അഥവാ നാല് സെമസ്റ്റർ ദൈർഘ്യം): എം. എസ് സി. (നാനോബയോടെക്നോളജി) + എം. എസ്. (സെല്ലുലാർ ആൻഡ് മോളിക്കുലാർ മെഡിസിൻ) എം. എസ് സി. (മോളിക്കുലാർ മെഡിസിൻ) + എം. എസ്. (സെല്ലുലാർ ആൻഡ് മോളിക്കുലാർ മെഡിസിൻ)എം. ടെക്. എം. എസ്. ഡിഗ്രി പ്രോഗ്രാമുകൾ (രണ്ടു വർഷം അഥവാ നാല് സെമസ്റ്റർ ദൈർഘ്യം): എം. ടെക്. (നാനോബയോടെക്നോളജി) + എം. എസ്. (സെല്ലുലാർ ആൻഡ് മോളിക്കുലാർ മെഡിസിൻ)എം. ടെക്. (മോളിക്കുലാർ മെഡിസിൻ) + എം. എസ്. (സെല്ലുലാർ ആൻഡ് മോളിക്കുലാർ മെഡിസിൻ)ഈ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് എൻട്രൻസ് പരീക്ഷ ഇല്ല; പകരം ഓൺലൈൻ അഭിമുഖം ആയിരിക്കും. ഓൺലൈനായി വേണം അപേക്ഷിക്കുവാൻ. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തിയതി ഏപ്രിൽ 10. കൂടുതൽ വിവരങ്ങൾക്ക് https://www.amrita.edu/nano ഇമെയിൽ: researchsecretary@aims.amrita.edu. ഫോൺ: 0484 2858750

## സൗജന്യ പരിശീലനം

**കൊച്ചി:** ജില്ലാ പഞ്ചായത്ത്, ജില്ലാ സാമൂഹ്യ നീതി വകുപ്പ്, കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് എന്നിവയുടെ സംയുക്ത പദ്ധതിയായ ഭിന്നശേഷിക്കാരായ 18 വയസിനു മുകളിൽ പ്രായമുള്ളവർക്ക് വേണ്ടിയുള്ള സൗജന്യ പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിച്ചു. ടിഷർട്ട്, സിറാമിക്ക് മഗ്ഗ്, ഐഡികാർഡ് ടാഗ് എന്നിവയിൽ വിവിധ ഡിസൈനുകൾ പ്രിന്റ് ചെയ്യുന്ന സബ്ളിമേഷൻ പ്രിന്റിങ് സാങ്കേതിക വിദ്യയിലാണ് അഞ്ച് ദിവസത്തെ പരിശീലനം നൽകുന്നത്.ജില്ലയിൽ പഞ്ചായത്തുകളിൽ സ്ഥിരതാമസക്കാരായ ഭിന്നശേഷിക്കാർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ മാർച്ച് 17, 18 തീയതികളിലായി ഇടപ്പള്ളി ഹൈസ്കൂളിന് സമീപം പ്രവർത്തിക്കുന്ന ഐ. എച്ച്. ആർ. ഡി, എറണാകുളം മേഖല കേന്ദ്രത്തിൽ റേഷൻ കാർഡ്, കുറഞ്ഞത് 40 ശതമാനം ഡിസബിലിറ്റി തെളിയിക്കുന്ന ഗവൺമെന്റ് അംഗീകൃത സർട്ടിഫിക്കറ്റ് ,ഫോട്ടോ എന്നീ രേഖകളും അതിന്റെ പകർപ്പുകളുമായി എത്തേണ്ടതാണ്. അതിദരിദ്രർ വിഭാഗത്തിൽ പെട്ടവർ ബി.പി.എൽ വിഭാഗത്തിൽപെട്ടവർ എന്നിവർക്ക് മുൻഗണന ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഐ. എച്ച്. ആർ. ഡി, എറണാകുളം മേഖല കേന്ദ്രം 04842337838,2957838

# പുതിയ ഷൈൻ 100 അവതരിപ്പിച്ച് ഹോണ്ട

**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ ഷൈൻ 100 അവതരിപ്പിച്ചു. കമ്പനിയുടെ ഏറ്റവും മിതമായവിലയിൽ ഇന്ധനക്ഷമതയുള്ള മോട്ടോർസൈക്കിളാണിതെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ പ്രസിഡൻറും സിഇഒയും മാനേജിങ് ഡയറക്ടറുമായ അറ്റ്സുഷി ഒഗാറ്റ പറഞ്ഞു. നിലവിൽ 125സിസി മോട്ടോർസൈക്കിൾ വിഭാഗത്തിലെ ഏറ്റവും ജനപ്രിയവും വിശ്വസനീയവുമായ ബ്രാൻഡാണ് ഹോണ്ട ഷൈൻ 125. ഷൈൻ 100 മോട്ടോർസൈക്കിളിലൂടെ 100സിസി യാത്രക്കാരുടെ വിഭാഗത്തിലും സാന്നിധ്യമറിയിക്കുകയാണ് കമ്പനി. ഉപഭോക്താക്കളൂടെ കൂടുതൽ വിശ്വാസ്യതക്കായി 12 പേറ്റൻറ് ആപ്ലിക്കേഷനുകളോടെയാണ് ഷൈൻ 100 എത്തുന്നത്.മെച്ചപ്പെടുത്തിയ സ്മാർട്ട് പവർ അടിസ്ഥാനമാക്കിയ പുതിയ 100സിസി ഒബിഡി2 പിജിഎംഎഫ്ഐ എഞ്ചിനാണ് ഷൈൻ 100ന്. 6 വർഷത്തെ പ്രത്യേക വാറൻറി പാക്കേജും ഷൈൻ 100ന് നൽകുന്നു. എക്സ്റ്റേണൽ ഫ്യൂവൽ പമ്പാണ് മറ്റൊരു പ്രത്യേകത. നീളമുള്ളതും സുഖകരവുമായ 677 എം.എം സീറ്റ് റൈഡിങ് സുഖമമാക്കും.1245 എംഎം ലോങ് വീൽബേസും, 168 എംഎം ഉയർന്ന ഗ്രൗണ്ട് ക്ലിയറൻസും കൂടിയ വേഗതയിലും മോശം റോഡിലും റൈഡർക്ക് ആത്മവിശ്വാസം നൽകും. ഗ്രാഫിക് തീം, ആകർഷകമായ ഫ്രണ്ട് കൗൾ, മൊത്തം കറുപ്പ് നിറത്തിലുള്ള അലോയ് വീൽസ്, പ്രാക്ടിക്കൽ അലുമിനിയം ഗ്രാബ് റെയിൽ, ബോൾഡ് ടെയിൽ ലാംപ്, വ്യത്യസ്തമായ സ്ലീക്ക് മഫ്ലർ എന്നിവ ഷൈൻ 100ൻറെ രൂപഭംഗി വർധിപ്പിക്കുന്നു.



ബ്ലാക്ക് വിത്ത് റെഡ് സ്ട്രൈപ്സ്, ബ്ലാക്ക് വിത്ത് ബ്ലൂ സ്ട്രൈപ്സ്, ബ്ലാക്ക് വിത്ത് ഗ്രീൻ സ്ട്രൈപ്സ്, ബ്ലാക്ക് വിത്ത് ഗോൾഡ് സ്ട്രൈപ്സ്, ബ്ലാക്ക് വിത്ത്ഗ്രേ സ്ട്രൈപ്സ് എന്നിങ്ങനെ അഞ്ച് നിറഭേദങ്ങളിൽ ഷൈൻ 100 ലഭിക്കും. 64,900 രൂപയാണ് (എക്സ്ഷോറൂം, മഹാരാഷ്ട്ര) വില.ഷൈൻ 100 പുറത്തിറക്കുമ്പോൾ ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കും അഭിലാഷങ്ങൾക്കും മുൻഗണന നൽകുന്നത് തുടരുകയാണെന്നും ഈ യാത്രയുടെ ഓരോ ഘട്ടത്തിലും അവരുടെ പ്രതീക്ഷകൾക്കപ്പുറം ചെയ്യാൻ ശ്രമിക്കുകയാണെന്നും അറ്റ്സുഷി ഒഗാറ്റ പറഞ്ഞു.

# കാനറ ബാങ്ക് റൂപെ ക്രെഡിറ്റ് കാർഡ് ഇനി യുപിഐയിലും ഉപയോഗിക്കാം

**കൊച്ചി:** കാനറ ബാങ്ക് റൂപെ ക്രെഡിറ്റ് കാർഡ് ഇനി ഭിം ആപ്പിലോ യുപിഐ സാധ്യമായ മറ്റ് ആപ്പുകളിലോ ഉപയോഗിക്കാമെന്ന് കാനറ ബാങ്കും നാഷണൽ പേയ്മെൻറ്സ് കോർപ്പറേഷനും (എൻപിസിഐ) സംയുക്തമായി അറിയിച്ചു. കാനറ റൂപെ ക്രെഡിറ്റ് കാർഡ് യുപിഐ ഐഡിയുമായി ലിങ്ക് ചെയ്ത് നേരിട്ട് സുരക്ഷിതമായി ഇടപാടുകൾ നടത്താം. ഇതോടെ കാനറ ബാങ്ക് ഉപഭോക്താക്കൾക്ക് യുപിഐയിൽ അവരുടെ ക്രെഡിറ്റ് കാർഡ് ഉപയോഗിക്കാൻ കൂടുതൽ അവസരങ്ങൾ ലഭിക്കും. ക്യുആർ കോഡ് പോലുള്ളവയുടെ സഹായത്തോടെ ഉപയോഗിക്കാമെന്നതിനാൽ വ്യാപാരികൾക്കും കൂടുതൽ ഇടപാടുകളിലൂടെ നേട്ടങ്ങളുണ്ടാകും.കാനറ ബാങ്ക് ക്രെഡിറ്റ് കാർഡ് യുപിഐയുമായി ലിങ്ക് ചെയ്യുന്നത് ഉപഭോക്താക്കൾക്ക് ക്രെഡിറ്റ് കാർഡിൽ കൂടുതൽ അവസരങ്ങൾ നൽകുന്നു. ഏതു പ്രായക്കാർക്കും ലളിതമായി ഡിജിറ്റൽ ഇടപാട് നടത്താവുന്ന ഏറ്റവും പ്രചാരമുള്ള മാർഗമായി യുപിഐ മാറിയിരിക്കുകയാണെന്നും കാനറ ബാങ്കും എൻപിസിഐയും സഹകരിക്കുന്നതോടെ യുപിഐ വ്യാപ്തി കൂടുകയാണെന്നും എൻപിസിഐ എംഡിയും സിഇഒയുമായ ദിലീപ് അസ്ബെ പറഞ്ഞു.

# സ്ഥാപക ദിനം ആഘോഷിച്ച് ഇസാഫ്

**തൃശൂർ:** ഇസാഫിന്റെ 31ാം സ്ഥാപകദിനം നബാർഡ് ചെയർമാൻ ഷാജി കെ. വി. ഉദ്ഘാടനം ചെയ്തു. ബാങ്കിങ് മേഖലയിൽ ശ്രദ്ധേയ നേട്ടമാണ് ഇസാഫ് കൈവരിച്ചതെന്നും, വായ്പാശേഷി കുറവുള്ള പ്രദേശങ്ങളിൽ നബാർഡ് ചെയ്യുന്നതുപോലെ ജനങ്ങളുടെ വായ്പാശേഷി വർധിപ്പിക്കുന്നതിനുള്ള മികച്ച പ്രവർത്തനങ്ങളാണ് ഇസാഫ് കാഴ്ചവെക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഇസാഫ് ഗ്രൂപ്പ് ഓഫ് സോഷ്യൽ എന്റർപ്രൈസസ് സ്ഥാപകനും ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ കെ. പോൾ തോമസ് സ്ഥാപകദിന സന്ദേശം നൽകി. റവന്യൂ വകുപ്പ് മന്ത്രി അഡ്വ. കെ. രാജൻ ആശംസകൾ നേർന്നു.നബാർഡ് ചെയർമാൻ പദവിയിലെത്തിയ ആദ്യ മലയാളിയായ ഷാജി കെ. വി.യെ ചടങ്ങിൽ ആദരിച്ചു. മികച്ച സഹകരണ സംഘങ്ങൾക്കുള്ള അവാർഡ് വലക്കാവ് ക്ഷീര വ്യവസായ സഹകരണ സംഘത്തിനും കുളുമയ് പാലുല്പാദക കമ്പനിക്കും സ്പെഷ്യൽ ജൂറി പരാമർശം മഹാരാഷ്ട്രയിലെ ജയ് സർദാർ കൃഷി വികാസ് ഫാർമർ പ്രൊഡ്യൂസർ കമ്പനിക്കും ലഭിച്ചു. ഇസാഫ് കോഓപ്പറേറ്റീവ് നിർമിച്ചു നൽകുന്ന സ്നേഹവീടുകളുടെ താക്കോൽദാനവും ചടങ്ങിൽ നടന്നു. ഇസാഫ് ഫൗണ്ടേഷൻ വൈസ് പ്രസിഡന്റ് ആർ. ബില്ലി അധ്യക്ഷത വഹിച്ചു. തൃശൂർ എംഎൽഎ പി ബാലചന്ദ്രൻ, ഇസാഫ് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മെറീന പോൾ, ഡയറക്ടർ ഡോ. ജേക്കബ് സാമുവൽ, സെഡാർ റീറ്റെയ്ൽ എംഡി അലോക് തോമസ് പോൾ, ഒറ്റപ്പാലം നഗരസഭ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ടി. ലത, ഇസാ



ഫ് കോഓപ്പറേറ്റീവ് സിഇഒ ക്രിസ്തുദാസ് കെ. വി. എന്നിവർ പ്രസംഗിച്ചു. ഇസാഫിൽ പത്തുവർഷം സേവനം പൂർത്തീകരിച്ച ജീവനക്കാർക്കുള്ള പുരസ്കാരവും സ്ഥാപകദിനത്തിൽ വിതരണം ചെയ്തു.

ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന്റെ ആറാം വാർഷികം റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ചീഫ് ജനറൽ മാനേജർ വിജയ് കുമാർ നായിക് ഉദ്ഘാടനം ചെയ്തു. ബാങ്ക് ചെയർമാൻ പി. ആർ. രവിമോഹൻ അധ്യക്ഷത വഹിച്ചു. ഇസാഫ് ബാങ്ക് എംഡിയും സിഇഒ യുമായ കെ. പോൾ തോമസ്, നബാർഡ് ചീഫ് ജനറൽ മാനേജർ ഡോ. ഗോപകുമാരൻ നായർ, ഡയറക്ടർ അജയൻ എം. ജി., ഇസാഫ് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മെറീന പോൾ, ബാങ്കിന്റെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റുമാരായ ജോർജ് കെ. ജോൺ, ഹരി വെള്ളുർ, ജോർജ് തോമസ്, ഹേമന്ത് തംത എന്നിവർ സംസാരിച്ചു. ബാങ്കിന്റെ വിവിധ പ്രൊഡക്ടുകളുടെ ഉദ്ഘാടനവും നടന്നു.

# പുതിയ ബ്രാൻഡ് ക്യാംപയിനുമായി സൗത്ത് ഇന്ത്യൻ ബാങ്ക്

**കൊച്ചി:** സൗത്ത് ഇന്ത്യൻ ബാങ്ക് 94ാം വാർഷികത്തോടനുബന്ധിച്ച് പുതിയ ബ്രാൻഡ് ക്യാംപയിന് തുടക്കമിട്ടു. ഇതിന്റെ ഭാഗമായി തയാറാക്കിയ പരസ്യ ചിത്രം മാർച്ച് 14ന് ദേശീയ തലത്തിൽ പ്രകാശനം ചെയ്തു. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ കരുത്തും വിശ്വാസ്യതയും, എല്ലാ വിഭാഗം ജനങ്ങളുടേയും ആവശ്യങ്ങൾ നിറവേറ്റുന്ന ഡിജിറ്റൽ ബാങ്ക് എന്ന പേരും ഇന്ത്യയിലുടനീളം പ്രചരിപ്പിക്കുകയാണ് ക്യാംപയിന്റെ ലക്ഷ്യമെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് ചീഫ് മാർക്കറ്റിങ് ഓഫീസർ അസ്മത് ഹബീബുള്ള പറഞ്ഞു. രാജ്യത്തെ ജനസംഖ്യയിൽ 34 ശതമാനത്തോളം വരുന്ന യുവജനങ്ങളേയും പുതുതലമുറയേയുമാണ് ഈ ക്യാംപയിനിലൂടെ ലക്ഷ്യമിടുന്നത്. സാമൂഹികവും സാംസ്കാരികവുമായ മാറ്റങ്ങളിലും രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിലും നിർണായ പങ്കു വഹിക്കുന്നവരാണ് യുവ തലമുറ.ബാങ്കിങ് സേവനങ്ങളിൽ സുരക്ഷതിത്വവും സൗകര്യവും മികച്ച ഉപയോക്താനുഭവവും ലാളിത്യവും വേഗതയുമാണ് മുഴുവൻ സമയം കണക്റ്റഡായ യുവ തലമുറ തേടുന്നത്. ഇവയെല്ലാം ഏറ്റവും മികച്ച സാങ്കേതികവിദ്യയുടെ പിൻബലത്തിൽ സൗത്ത് ഇന്ത്യൻ ബാങ്ക് നൽകുന്നു. ഇതോടൊപ്പം വിശ്വാസ്യതയുടെ പാരമ്പര്യവും സൗത്ത് ഇന്ത്യൻ ബാങ്കിനെ മികച്ചതാക്കുന്നു. ഈ സന്ദേശമാണ് പുതിയ പരസ്യ ചിത്രത്തിലൂടെ ഉപഭോക്താക്കളോട് പറയുന്നതെന്നും അദ്ദേഹം പറഞ്ഞു.

# അന്താരാഷ്ട്ര പുരസ്കാര നിറവിൽ ആസ്റ്റർ വിമൻ ആൻഡ് ചിൽഡ്രൻ ഹോസ്പിറ്റൽ

**കോട്ടക്കൽ :** പേഷ്യന്റ്സ് സേഫ്റ്റിയെ മുൻനിർത്തിയുള്ള ഈ വർഷത്തെ 2023 ഇന്റർനാഷണൽ പേഷ്യന്റ്സ് സേഫ്റ്റി അവാർഡ് ആസ്റ്റർ വിമൻ ആൻഡ് ചിൽഡ്രൻ ഹോസ്പിറ്റൽ കരസ്ഥമാക്കി. ഹോസ്പ്പിറ്റലിന് കീഴിൽ പ്രവർത്തിക്കുന്ന ആസ്റ്റർ നർചർ പ്രോഗ്രാമാണ് എക്സലൻസ് ഇൻ പേഷ്യന്റ് ആന്റ് ഫാമിലി കൊളാബറേഷൻ എന്ന വിഭാഗത്തിൽ ഒന്നാം സ്ഥാനത്തിന് അർഹമായത്. ദില്ലി താജ് പാലസിൽ നടന്ന ചടങ്ങിൽ ഗീതു ആർ (അഡ്മിനിസ്ട്രേറ്റർ, ആസ്റ്റർ നർച്ചർ പ്രോഗ്രാം ), പി ജോൺ (നഴ്സിംഗ് ഓഫീസർ ) എന്നിവർ ചേർന്ന് പുരസ്ക്കാരം ഏറ്റുവാങ്ങി. സൂക്ഷ്മ പരിശോധനക്കൊടുവിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 200ഇൽ അധികം അപേക്ഷകളാണ് അന്തിമഘട്ടത്തിലേക്ക് പരിഗണിച്ചത്. തുടർന്ന് വിശദമായ ഓഡിറ്റിംഗിനും വിശകലനങ്ങൾക്കുമൊടുവിൽ ഉന്നത ജൂറിയാണ് പുരസ്ക്കാരത്തിന് അർഹരായവരെ തിരഞ്ഞെടുത്തത്. അമ്മ ഗർഭം ധരിക്കുന്നത് മുതൽ കുട്ടിക്ക് അഞ്ച് വയസ്സ് തികയുന്നത് വരെ അമ്മയെയും നവജാതശിശുവിനെയും പോഷിപ്പിക്കുകയും, പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് ആസ്റ്റർ നർച്ചർ പ്രോഗ്രാം. ചുരുങ്ങിയ കാലയളവിനുളിൽ ആസ്റ്റർ വിമൺ ആൻഡ് ചിൽഡ്രൻ ഹോസ്പിറ്റൽ കരസ്ഥമാക്കുന്ന രണ്ടാമത്തെ പുരസ്കാരമാണിതെന്ന് ആസ്റ്റർ ഹോസ്പ്പിറ്റൽസ് കേരള തമിഴ്നാട് റീജിയണൽ ഡയറക്ടർ ഫർഹാൻ യാസിൻ പറഞ്ഞു.ഇത്തരം പുരസ്കാരങ്ങൾ ആരോഗ്യ രംഗത്തെ പുതിയ നവീകരണങ്ങൾക്ക് പ്രചോദനമാകുമെന്നും ഫർഹാൻ യാസിൻ പറഞ്ഞു.



### ഐഎൻഎസ് ദ്രോണാചര്യയ്ക്ക് പ്രസിഡന്റ്സ് കളർ അവാർഡ് രാഷ്ട്രപതി സമ്മാനിച്ചു

# ഇന്ത്യൻ നാവിക സേനയിൽ രാജ്യം അഭിമാനിക്കുന്നു : രാഷ്ട്രപതി ദ്രൗപദി മുർമു



**കൊച്ചി:** ഇന്ത്യയ്ക്ക് സമ്പന്നമായ ഒരു സമുദ്ര പാരമ്പര്യമുണ്ടെന്നും ഇന്ത്യയുടെ തന്ത്രപരവും സൈനികവും സാമ്പത്തികവും വാണിജ്യപരവുമായ താൽപര്യങ്ങളിൽ സമുദ്രശക്തി നിർണായകമാണെന്നും രാഷ്ട്രപതി ദ്രൗപദി മുർമു.ഐ.എൻ.എസ് ദ്രോണാചാര്യയ്ക്ക് പ്രസിഡന്റ്സ് കളർ സമ്മാനിച്ചുകൊണ്ട് കൊച്ചി നാവിക ആസ്ഥാനത്ത് ചേർന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി.നീണ്ട തീരപ്രദേശവും ദ്വീപ് സമൂഹങ്ങളും ഗണ്യമായ കടൽയാത്രികരുമുള്ള അഞ്ചാമത്തെ വലിയ ആഗോള സമ്പദ്വ്യവസ്ഥയായ ഇന്ത്യ പോലൊരു രാജ്യത്തെ സംബന്ധിച്ചിടത്തോളം ശക്തവും ആധുനികവുമായ നാവികസേനയ്ക്ക് അത്യധികം പ്രാധാന്യമുണ്ട്. കഴിഞ്ഞ 75 വർഷമായി, യുദ്ധസജ്ജവും ബഹുമുഖവും വൈദഗ്ദ്ധ്യമുള്ളതുമായ നാവികസേന നമ്മുടെ എതിരാളികളെ ചെറുക്കുകയും സമുദ്രതാൽപര്യങ്ങൾ സംരക്ഷിക്കുകയും സാമൂഹികസാമ്പത്തിക വളർച്ച സുഗമമാക്കുന്നതിന് സമാധാനാന്തരീക്ഷം സൃഷ്ടിക്കാൻ സാഹചര്യമൊരുക്കുകയും ചെയ്തു. നമ്മുടെ സമുദ്രാതിർത്തികൾ സംരക്ഷിക്കുന്നതിലും നമ്മുടെ വ്യാപാര പാതകൾ സുരക്ഷിതമാക്കുന്നതിലും ദുരന്തസമയത്ത് സഹായം എത്തിക്കുന്നതിലും ഇന്ത്യൻ നാവികസേന പ്രകടമാക്കുന്ന പ്രതിബദ്ധതയിൽ രാജ്യം അഭിമാനിക്കുന്നുവെന്നും രാഷ്ട്രപതി വ്യക്തമാക്കി.ഇന്ത്യൻ മഹാസമുദ്ര മേഖലയിലുടനീളം ദൗത്യസജ്ജവും പ്രതികരണ സജ്ജവുമായ ഒരു സേന എന്ന നിലയിൽ ഇന്ത്യൻ നാവികസേന ഗണ്യമായ ശേഷി കാലക്രമേണ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ നമ്മുടെ സമുദ്ര അയൽപക്കത്തെ ആകസ്മിക സംഭവങ്ങളോടുള്ള 'ദ്രുത പ്രതികരണത്തിനും' നമ്മുടെ സമുദ്ര താത്പര്യങ്ങൾ സംരക്ഷിക്കാനും രാജ്യം നാവികസേനയെ ഉറ്റുനോക്കുന്നു. 'ശുഭ്രവസ്ത്രധാരികളായ നമ്മുടെ സ്ത്രീ പുരുഷന്മാർ' ഏറ്റവും പുതിയ സാങ്കേതിക മുന്നേറ്റങ്ങളും സമുദ്രമേഖലയിലെ പ്രവർത്തന ചലനാത്മകതയും മനസ്സിലാക്കി സ്വയം നവീകരിക്കേണ്ടതുണ്ടെന്നും രാഷ്ട്രപതി വ്യക്തമാക്കി.ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച ഐഎൻഎസ് വിക്രാന്ത് എന്ന ആധുനിക വിമാനവാഹിനിക്കപ്പൽ ആത്മനിർഭര ഭാരതത്തിന്റെ ഉജ്ജ്വല ഉദാഹരണമാണ്. തദ്ദേശീയ സാങ്കേതികവിദ്യ ഉപയോഗിച്ച് ഒരു വിമാനവാഹിനിക്കപ്പൽ നിർമ്മിക്കാൻ ശേഷിയുള്ള ചുരുക്കം ചില രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. മുഴുവൻ നാവികസേനാംഗങ്ങളെയും കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിനെയും ഐഎൻഎസ് വിക്രാന്ത് യാഥാർത്ഥ്യമാക്കുന്നതിൽ സഹകരിച്ച എല്ലാവരെയും അഭിനന്ദിക്കുന്നുവെന്നും രാഷ്ട്രപതി വ്യക്തമാക്കി.യുദ്ധത്തിലും സമാധാനത്തിലും രാജ്യത്തിന് നൽകിയ അസാധാരണ സേവനത്തിനുള്ള അംഗീകാരമായിട്ടാണ് ഐഎൻഎസ് ദ്രോണാചാര്യയ്ക്ക് പ്രസിഡന്റ്സ് കളർ അവാർഡ് സമ്മാനിച്ചത്.ഇതിനോടനുബന്ധിച്ച് തപാൽ വകുപ്പ് പുറത്തിറക്കുന്ന സ്പെഷ്യൽ കവർ പ്രകാശനവും രാഷ്ട്രപതി ദ്രൗപദി മുർമു നിർവ്വഹിച്ചു.കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ,മുഖ്യമന്ത്രി പിണറായി വിജയൻ,നാവികസേന മേധാവി ആർ ഹരികുമാർ,സതേൺ നേവൽ കമാൻഡന്റ് വൈസ് അഡ്മിറൽ എം.പി ഹംപി ഹോളി തുടങ്ങിയവർ പങ്കെടുത്തു.ഐഎൻഎസ് വിക്രാന്ത് സന്ദർശിച്ച രാഷ്ട്രപതി കപ്പലിലെ ഉദ്യോഗസ്ഥരുമായും നാവികരുമായും ആശയവിനിമയം നടത്തി.നാവിക ആസ്ഥാനത്തെ ചടങ്ങുകൾക്കു ശേഷം രാഷ്ട്രപത്രി കൊച്ചിയിൽ നിന്നും തിരുവനന്തപുരത്തേയക്ക് പോയി.

# കേരളാ ഐ.ടി പാർക്ക്സ് വെബിനാർ 18ന്

**കൊച്ചി:** കേരളാ ഐ.ടി പാർക്ക്സ് സംഘടിപ്പിക്കുന്ന മാസാന്ത വെബിനാറിൽ ഇത്തവണ ടെക്നോളജി രംഗത്തെ സ്ത്രീകളുടെ സാനിധ്യവും സംഭാവനകളും ഭാവിയും എന്ന വിഷയം ചർച്ചയാകും. മാർച്ച് 18ന് വൈകിട്ട് നാല് മണിമുതൽ അഞ്ച് മണിവരെയാണ് വെബിനാർ. ടെക്നോളജി രംഗത്തെ സ്ത്രീകളുടെ സംഘടനയായ വുമൻ ഇൻക്ലൂസീവ് ഇൻ ടെക്നോളജിയുമായി സഹകരിച്ച് നടത്തുന്ന വെബിനാറിൽ ഇൻഡിപ്പെൻഡന്റ് അഡ്വൈസർ സുജ ചാണ്ടി, ടി.സി.എസ് ലീഡർഷിപ്പ് ടാലന്റ് മാനേജ്മെന്റ് ഹെഡ് ബ്രിന്ദ റാണി, മാർക്കറ്റിങ്ങ് ആൻഡ് കമ്യൂണിക്കേഷൻ പ്രൊഫഷണൽ രേഖ മേനോൻ, സതർലൻഡ് ഗ്ലോബൽ സർവീസ് അസോസിയേറ്റ് വൈസ് പ്രസിഡന്റ് (സർവീസ് ഡെലിവറി) ഭാനുരേഖ കൊണ്ടൂർ എന്നിവർ സംസാരിക്കും. സാഫിൻ ഡയറക്ടർ സ്മിത നായർ മോഡറേറ്ററാകും. രജിസ്ട്രേഷന്: https://bit.ly/3F4q0ol

# ഫാസ്റ്റ്ട്രാക്കിന്റെ റിവോൾട്ട് എഫ്എസ് 1 സ്മാർട്ട് വാച്ച് പുറത്തിറക്കി



**കൊച്ചി:** ഫാസ്റ്റ്ട്രാക്ക് ഫ്ളിപ്കാർട്ടുമായി സഹകരിച്ചു കൊണ്ട് റിവോൾട്ട് സീരീസ് സ്മാർട്ട് വാച്ചുകൾ വിപണിയിലവതരിപ്പിച്ചു. ആധുനീക ബിടി കോളിങ് സൗകര്യവുമായിട്ടാണ് ഫാസ്റ്റ്ട്രാക്ക് റിവോൾട്ട് എഫ്എസ്1 അവതരിപ്പിക്കുന്നത്. ബ്രാൻഡിന്റെ ഏറ്റവും വലിയതു കൂടിയായ 1.83 ഇഞ്ച് അൾട്രാവിയു ഡിസ്പ്ലെ നൽകുന്ന ഇതിൽ ഏറ്റവും വേഗതയേറിയ 2.5 എക്സ് നൈട്രോഫാസ്റ്റ് ചാർജിങും ലഭ്യമാക്കിയിട്ടുണ്ട്. ഫാസ്റ്റ്ട്രാക്ക് റിവോൾട്ട് എഫ്എസ്1 മാർച്ച് 22ന് ഉച്ചയ്ക്ക് 12 മണി മുതൽ 1695 രൂപ എന്ന പ്രത്യേക അവതരണദിന വിലയിലാണു ഫ്ളിപ്കാർട്ടിൽ ലഭ്യമാക്കുന്നത്. തടസങ്ങളില്ലാത്ത കണക്ടിവിറ്റിയും ലൈറ്റിനിങ് പ്രകടനവും ഉറപ്പാക്കുന്ന ആധുനീക ചിപ്സെറ്റുമായാണ് ഫാസ്റ്റ്ട്രാക്ക് റിവോൾട്ട് എഫ്എസ്1 എത്തുന്നതെന്ന് ടൈറ്റൻ കമ്പനിയുടെ സ്മാർട്ട് വെയറബിൾസ് സിഒഒ രവി കുപ്പുരാജ് പറഞ്ഞു.വാച്ചിന്റെ ഫെയ്സ് മാറ്റാനുള്ള ഇരുന്നൂറിൽ പരം ഓപ്ഷനുകളുണ്ട്. 110ൽ ഏറെ സ്പോർട്ട് മോഡുകളും ലഭ്യമാണ്. സ്ട്രെസ് മോണിറ്ററിംഗ്, ഓട്ടോ സ്ലീപ് ട്രാക്കിംഗ്, മുഴുവൻ സമയ ഹൃദയമിടിപ്പു നിരീക്ഷണം തുടങ്ങിയ ആധുനീക ആരോഗ്യ നിരീക്ഷണ സംവിധാനങ്ങളും ഇതിലുണ്ട്. സ്മാർട്ട് നോട്ടിഫിക്കേഷനുകൾ, നിർമിത ബുദ്ധി അധിഷ്ഠിത വോയ്സ് അസിസ്റ്റൻറ് തുടങ്ങിയവയെല്ലാമുള്ള ഈ വാച്ച് കറുപ്പ്, നീല, പച്ച, ടീൽ എന്നീ നാലു നിറങ്ങളിലാണു ലഭ്യമാകുന്നതെന്നും അദ്ദേഹം പറഞ്ഞു. ഫാഷനും സാങ്കേതികവിദ്യയും പ്രാധാന്യത്തോടെ കാണുന്ന ഇന്നത്തെ യുവതയ്ക്കു പ്രിയപ്പെട്ട രീതിയിൽ തങ്ങളുടെ ഉൽപന്ന നിര വികസിപ്പിക്കുമെന്നും രവി കുപ്പുരാജ് പറഞ്ഞു. ഗുണമേൻമയിലുള്ള പ്രതിബദ്ധത തങ്ങളുടെ ഉൽപന്നങ്ങൾ വികസിപ്പിക്കുന്നതിലെ പ്രധാന ഘടകമാണ്. ഫാസ്റ്റ്ട്രാക്ക് റിവോൾട്ട് അവതരിപ്പിക്കുന്നതിന് ഇകോമേഴ്സ് രംഗത്തെ വമ്പൻമാരായ ഫ്ളിപ്കാർട്ടുമായി സഹകരിക്കുന്നതിൽ തങ്ങൾക്ക് സന്തോഷമുണ്ട്. അവരുമായുള്ള തങ്ങളുടെ ദീർഘകാല പങ്കാളിത്തത്തിൻറെ സാക്ഷ്യപത്രം കൂടിയാണിതെന്നും അദ്ദേഹം പറഞ്ഞു.

